308/2009
27.05.2009

# ഇടയലേഖനം-94

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സാർവ്വത്രിക സഭ വൈദിക വർഷമായി ആചരിക്കുകയാണ്. ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ ആർസിലെ ജോൺ മരിയ വിയാനിയുടെ 150-ാം ചരമ വാർഷികം പ്രമാണിച്ചാണ് ബെനഡിക്റ്റ് 16-ാമൻ പാപ്പാ വൈദിക വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. വിശുദ്ധനെ ഇടവക വൈദികരുടെ മാത്രമല്ല എല്ലാ വൈദികരുടെയും മദ്ധ്യസ്ഥനായി ഈ വർഷം പ്രഖ്യാപിക്കുവാൻ മാർപ്പാപ്പാ ഉദ്ദേശിക്കുന്നുണ്ട്. ഈശോയുടെ തിരുഹൃദയത്തിരുനാൾ ആചരിക്കുന്ന ജൂൺ 19 നാണ് വൈദികവർഷം ആരംഭിക്കുന്നത്.

വൈദികരുടെ ശുശ്രൂഷയെ കൂടുതൽ മികവുറ്റതാക്കുവാനും അവരെ ഗുണപരമായി ശക്തിപ്പെടുത്തുവാനും കർത്താവു ക്രമീകരിച്ച അവസരമായി വൈദികവർഷത്തെ നാം കാണണം. വൈദികവർഷാചരണം ഫലപ്രദമാകണമെങ്കിൽ അതിന് വൈദികർ മാത്രമല്ല, ദൈവജനം മുഴുവൻ താല്പര്യമെടുത്തു പ്രവർത്തിക്കണം. ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരാണ് വൈദികർ. ജനത്തെ വിശുദ്ധീകരിക്കുകയും പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുകയാണ് അവരുടെ ദൗത്യം. നല്ല ഇടയനായ കർത്താവിന്റെ ശുശ്രൂഷയാണ് അവർ തുടരുന്നത്. വിളിക്കനുസരിച്ച് ജീവിക്കുവാനും പ്രവർത്തിക്കുവാനും ചെയ്യാൻ അവർക്കു സാധിക്കാൻ ദൈവജനം മുഴുവൻ അവർക്കു വേണ്ടി പ്രാർത്ഥിക്കണം. വൈദികർക്കും സന്യ





സ്തർക്കും വേണ്ടി അനുദിനം ജപമാല വർഷങ്ങളായി ചൊല്ലുന്ന വ്യക്തിയെ ഞാൻ ഇയ്യിടെ പരിചയപ്പെട്ടു. മറ്റു പലരും ഇദ്ദേഹത്തെപ്പോലെ പ്രാർത്ഥിക്കുണ്ട് എന്ന് എനിക്കറിയാം. അതിന്റെ അനുഗ്രഹം വൈദികർക്കും സന്യസ്തർക്കും മാത്രമല്ല, പ്രാർത്ഥിക്കുന്ന വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ലഭിക്കും. രൂപതയിലെ ഓരോ വൈദികനെയും നിശ്ചിത ദിവസം ഓർത്തു പ്രാർത്ഥിക്കുന്ന സന്യസ്ഥർ ഉണ്ട്. അനുകരണാർഹമായ കാര്യമാണ് അവർ ചെയ്യുന്നത്.

വൈദികർ തങ്ങളുടെ വിശുദ്ധികരണത്തിനുവേണ്ടിയും തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ജനത്തിനുവേണ്ടിയും അനുദിനം പ്രാർത്ഥിക്കുന്നുണ്ട്. വർദ്ധിതമായ ഉത്സാഹത്തോടെ അവർ ഈ വർഷം അതു ചെയ്യണം. യാമപ്രാർത്ഥനകൾ മുടങ്ങാതെ ചൊല്ലാൻ ശ്രദ്ധിക്കണം. കുദാശാപരികർമ്മവും ഇതര ശുശ്രൂക്ഷകളും ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ നിർവ്വഹിക്കണം. തങ്ങളുടെ വിളിയേയും ദൗത്യത്തേയും പറ്റിയുള്ള ശരിയായ അവബോധം അവർ കാത്തുസൂക്ഷിക്കണം.‘ ‘കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കുവാൻ പരിശുദ്ധാത്മാവ് നിയമിച്ചിരിക്കുന്ന അജപാലകരാണല്ലോ അവർ” (അപ്പ. 20, 28). ഇടയന്മാർക്കടുത്ത ശുശ്രൂഷ എങ്ങനെ നിർവ്വഹിക്കണം എന്നത് സംബന്ധിച്ച് ആദ്യത്തെ മാർപ്പാപ്പയായ പത്രോസ്ശ്ലീഹാ നൽകുന്ന ഉപദേശം ഇപ്രകാരമാണ്, “നിങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുവിൻ. അത് നിർബന്ധമൂലമായിരിക്കരുത്, ദൈവത്തെ പ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്, തീഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെ മേൽ അധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നൽകിക്കൊണ്ടായിരിക്കണം”(1 പത്രോസ്. 5. 2-3).

ആടുകൾ ഈശോയുടെതായതുകൊണ്ട് സഭയിൽ ഒരു ഇടയനേയുള്ളൂ. അത് നല്ല ഇടയനായ ഈശോയാണ്. അതുകൊണ്ട് സഭയിൽ ഇടയന്മാർക്കടുത്ത ശുശ്രൂഷ നിർവ്വഹിക്കുന്ന വൈദികർ തങ്ങളുടെ ശുശ്രൂഷയിലൂടെ നല്ല ഇടയനായ ഈശോയുടെ സാന്നിദ്ധ്യവും പരിപാലനയുമാണ് അജഗണങ്ങൾക്ക് നൽകേണ്ടത്. അത്

സാദ്ധ്യമാകണമെങ്കിൽ അവർ നല്ല ഇടയനായ ഈശോയോടുള്ള ബന്ധത്തിൽ വളരണം. അവിടുത്തെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ജീവിതത്തിൽ സ്വാംശീകരിക്കണം.

തന്റെ വിളിയുടെ മാഹാത്മ്യം ശരിക്കും മനസ്സിലാക്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വൈദികനായിരുന്നു ജോൺ മേരി വിയാനി. അതു വഴി അദ്ദേഹം വിശുദ്ധനായി. നല്ല ഇടയനായ ഈശോയുമായി ഹൃദയൈക്യം പുലർത്തിക്കൊണ്ട് അദ്ദേഹം ജീവിച്ചു. അവിടുത്തെ അജപാലന സ്നേഹവും ആത്മദാനത്തിന്റെ ചൈതന്യവും അദ്ദേഹം സ്വാംശീകരിച്ചു. ഈശോയെപ്പോലെ സ്നേഹത്തോടും കരുണയോടും ശാന്തതയോടും കൂടെ അദ്ദേഹം എല്ലാവരോടും പെരുമാറി. തനിക്ക് ഏൽപ്പിക്കപ്പെട്ടവരുടെ രക്ഷയിലുള്ള തീഷ്ണതയാൽ അദ്ദേഹം ജ്വലിച്ചു. ഓരോ നിമിഷവും കൂടുതൽ കൂടുതൽ മറ്റൊരു ക്രിസ്തുവായി അദ്ദേഹം മാറിക്കൊണ്ടിരുന്നു. ആരേയാണ് ആർസിൽ നിങ്ങൾ കണ്ടത് എന്ന ചോദ്യത്തിനുത്തരമായി മാക്കണിലെ കൃഷിക്കാരന് പറയുവാൻ സാധിച്ചു, ഞാൻ മനുഷ്യനിൽ ദൈവത്തെ കണ്ടു എന്ന്. ദൈവിക മനുഷ്യനായി ജീവിക്കുവാനും തന്റെ ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുവാനും അദ്ദേഹം ശക്തിയാർജിച്ചത് പ്രാർത്ഥനയും പ്രായശ്ചിത്തവും ഉപവാസവും വഴിയാണ്. വിശുദ്ധിയോടും തീഷ്ണതയോടുംകൂടി പ്രവർത്തിച്ചാൽ വൈദികന് എന്തുമാത്രം നന്മ ചെയ്യാമെന്നതിന്റെ ഉത്തമോദാഹരണമാണ് വിശുദ്ധ ജോൺ മേരി വിയാനി.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ തനിമ വിശുദ്ധ കുർബ്ബാനയുമായി ബന്ധപ്പെട്ടതാണ്. "നിങ്ങൾ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ"(ലൂക്ക 22.19) എന്നു പറഞ്ഞുകൊണ്ട് ഈശോ അവസാന അത്താഴത്തിൽ പൗരോഹിത്യം സ്ഥാപിച്ചു. ക്രിസ്തീയ പൗരോഹിത്യം ഏറ്റവുമധികം പ്രകാശിതമാകുന്നത് വിശുദ്ധ കുർബ്ബാനയർപ്പണത്തിലാണ്. "സഭയുടെ എല്ലാ ശുശ്രൂഷകളും മിഷൻ പ്രവർത്തനവും വിശുദ്ധ കുർബ്ബാനയുമായി ബന്ധപ്പെട്ടതും അതിലേക്കു നയിക്കുന്നതുമാണ്" എന്നത്രേ രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (വൈദികർ, 5). ഒരു വൈദികനെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബ്ബാന അദ്ദേഹത്തിന്റെ





ശുശ്രൂഷയുടെ ആരംഭവും മാർഗ്ഗവും ലക്ഷ്യവുമാണെന്ന് പറയാം. വിശുദ്ധ ജോൺ മേരി വിയാനിയുടെ പ്രവർത്തനത്തിന്റെ ശക്തിസ്രോതസ്സ് വിശുദ്ധ കുർബ്ബാനയായിരുന്നു. തന്റെ പൗരോഹിത്യ ജീവിതത്തെ സമർപ്പണമാക്കി മാറ്റാൻ ഭക്തിയോടും വിശുദ്ധിയോടും കൂടിയ അനുദിന വിശുദ്ധ കുർബ്ബാന അദ്ദേഹത്തെ സഹായിച്ചു. വിശുദ്ധ കുർബ്ബാനയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ട ശുശ്രൂഷാപൗരോഹിത്യത്തിന്റെയും ഓരോ പുരോഹിതന്റേയും മാഹാത്മ്യവും പ്രാധാന്യവും വീണ്ടും കണ്ടെത്തുകയും അതേപ്പറ്റിയുള്ള അവബോധത്തിലേയ്ക്ക് ദൈവജനത്തെ പുനരാനയിക്കുകയും ചെയ്യുകയാണ് വൈദിക വർഷാചരണത്തിന്റെ ലക്ഷ്യമെന്ന് ഇതു സംബന്ധിച്ച പ്രഖ്യാപന രേഖ ചൂണ്ടിക്കാണിക്കുന്നു.

ആടുകൾക്കുവേണ്ടി സ്വന്തം ജീവൻ നൽകിയ നല്ല ഇടയനായ യേശുവിനെപ്പോലെ ബലിയർപ്പിക്കുവാനും ബലിയാകുവാനും വിളിക്കപ്പെട്ട വൈദികർ മാനുഷികമായ പരിമിതികളും ബലഹീനതകളുമുള്ള വ്യക്തികളാണ്. മൺപാത്രങ്ങൾക്കുള്ളിലെ നിധി കയ്യാളുന്നവരാണ് അവർ. മാനുഷികമായ ശക്തിക്കപ്പുറമുള്ള ദൗത്യമാണ് അവർക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത്. അവർ എന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ കൃപാവരത്താലാണ്. അവർ എന്താകണമോ അതും ദൈവത്തിന്റെ കൃപാവരത്താലാണ്. ആയതിനാൽ ദൈവകൃപ അവർക്ക് സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി അവർ പ്രാർത്ഥിക്കണം, ദൈവജനവും അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ജനത്തിന്റെ ന്യായമായ പ്രതീക്ഷകൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ അവരുടെ പ്രാർത്ഥനാ സഹായം വൈദികർക്ക് ആവശ്യമാണ്.

തങ്ങളുടെ ശുശ്രൂഷക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട് അഭിഷേകം ചെയ്യപ്പെട്ട വ്യക്തികളാണ് വൈദികർ എന്ന കാര്യം ദൈവജനം ഓർക്കണം. "എനിക്കിഷ്ടപ്പെട്ട അജപാലകരെ ഞാൻ നിങ്ങൾക്ക് നൽകും" എന്നരുൾചെയ്ത ദൈവം തന്റെ ജനത്തിന് നൽകുന്ന അനുഗ്രഹമായി വൈദികരെ നാം കാണണം. അവരെപ്രതി ദൈവത്തിന് നന്ദി പറയണം. അവരെ ബഹുമാനിക്കണം. സാഹോദരതുല്യം സ്നേഹിക്കുകയും അംഗീകരിക്കുകയും തിരുത്തുകയും അവരോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യണം. അവർക്ക് അനുഭവി

ക്കേണ്ടി വരുന്ന ഏകാന്തതയിൽ മനം മടുക്കാതെയും ലോകത്തിന്റെ ആകർഷണ വലയങ്ങളിൽനിന്നുളവാകുന്ന സംഘർഷങ്ങളിൽ പതറാതെയും മുന്നേറുവാൻ വി. കുർബ്ബാനയിലുള്ള സാന്നിദ്ധ്യവും ദൈവജനത്തിന്റെ സ്നേഹവും കരുതലുമാണ് അവർക്ക് താങ്ങും തണലുമായിത്തീരേണ്ടത്. വിശുദ്ധ കുർബ്ബാനയിൽ സന്നിഹിതനായ യേശുവിന്റെ സഹായം പരാജയത്തിന്റെ അനുഭവങ്ങളിൽ വൈദികർ തേടണം. ദിവ്യകാരുണ്യം പരാജയത്തിലെ വിജയമാണല്ലോ പ്രഘോഷിക്കുന്നത്.

വൈദിക വർഷത്തിൽ വൈദിക വിശുദ്ധീകരണം ലക്ഷ്യം വച്ച് നവീകരണ പരിപാടികളും ധ്യാനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വൈദിക വർഷം ആരംഭിക്കുന്ന ദിവസമായ ജൂൺ 19-ാം തിയ്യതി രൂപതയിലെ വൈദികർ രൂപതാഭവനത്തിൽ ഒരുമിച്ചുകൂടി ധ്യാനത്തിലും പ്രാർത്ഥനയിലും ചിലവഴിക്കുന്നതാണ്. അന്നുതന്നെ വൈദിക വർഷം ഉദ്ഘാടനം ചെയ്യുന്നതുമാണ്. അന്നുമുതൽ എല്ലാ ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വി. കുർബ്ബാനക്ക് ശേഷം "നിത്യപുരോഹിനായ ഈശോ" എന്നു തുടങ്ങുന്ന വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലണം. എല്ലാ കുടുംബങ്ങളിലും ഈ വർഷം ഈ പ്രാർത്ഥന സന്ധ്യാപ്രാർത്ഥനക്ക് ശേഷം ചൊല്ലണമെന്ന് നിർദ്ദേശിക്കുന്നു. പരസ്പരമുള്ള പ്രാർത്ഥനയും സഹകരണവും വഴി വൈദികരും ഇടവകസമൂഹങ്ങളും തമ്മിലുള്ള കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുവാൻ വൈദിക വർഷാചരണം നമ്മെ സഹായിക്കട്ടെ.

നിത്യപുരോഹിതനായ നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും+ പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ജൂൺ 14-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





309/2009
27.05.2009

# ഇടയലേഖനം-95

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരെ,

യുവജനങ്ങളാണ് സഭയുടെ പ്രത്യാശ. അവരാണ് സഭയുടെ ഭാവി. രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർ അവരോട് പറഞ്ഞു "പഴയ തലമുറയിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങിക്കൊണ്ട് ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റങ്ങളുടേതായ ഈ യുഗത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവരാണ് നിങ്ങൾ. നിങ്ങൾ നാളത്തെ സമൂഹത്തെ രൂപപ്പെടുത്തണം. ഒന്നുകിൽ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കും. അല്ലെങ്കിൽ നിങ്ങളും നാളത്തെ സമൂഹവും ഒന്നിച്ച് നശിക്കും." യുവജനങ്ങളുടെ കാര്യത്തിലാണ് സഭ ഏറ്റവുമധികം ശ്രദ്ധ ചെലുത്തേണ്ടത്. കാരണം അവരാണ് നാളത്തെ സഭ. ഈ ബോധ്യത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി 2009 ജൂലൈ 5 മുതൽ പ്രത്യേകമായി ഒരു വർഷം യുവജനവർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. "യുവജനങ്ങൾ സഭയുടെ പ്രത്യാശ" എന്നതാണ് പരിചിന്തനവിഷയം.

സഭാപ്രസംഗകന്റെ പുസ്തകത്തിലെ ശ്രദ്ധേയമായ വചനം ഇതാണ്: ' 'ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദ്ദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക"(12:1). ഓരോ യുവാവിനോടും യുവതിയോടും വചനം പറയുന്നത് ദൈവത്തെ സ്മരിച്ച് ജീവിക്കുന്നവരുടെ

ജീവിതം സന്തോഷകരമായിരിക്കുമെന്നാണ്. എല്ലാമനുഷ്യരുടെയും ജീവിതത്തിന്റെ മർമ്മപ്രധാനമായ ഘട്ടമാണല്ലോ യുവത്വം. അത് ഊർജ്ജസ്വലവും സാഹസികവുമായ കാലഘട്ടമാണ് . അതോടൊപ്പം തന്നെ മാനസികസംഘർഷങ്ങളുടെയും പ്രതിസന്ധികളുടെയും അനിശ്ചിതത്തിന്റെയും കാലഘട്ടം കൂടിയാണത്. ഈ കാലഘട്ടത്തിൽ യുവജനങ്ങൾക്ക് വ്യക്തമായ ജീവിതദർശനവും ലക്ഷ്യബോധവും കിട്ടിയാൽ അവർ സമൂഹത്തിൽ നന്മയുടെ വക്താക്കളും പ്രവർത്തകരുമാകുമെന്നതിന് സംശയമില്ല. സഭയിലും സമൂഹത്തിലും പ്രശംസനീയ നേതൃത്വം കൊടുത്ത തിളക്കമാർന്ന യുവജനങ്ങളെ നമുക്ക് കാണാൻ കഴിയും. ഇവരുടെ ജീവിതത്തിലെ ആത്മവിശ്വാസത്തിനും ഉന്മേഷത്തിനും നവസമൂഹ നിർമ്മിതിക്കായുള്ള പരിശ്രമത്തിനും നിദാനം വചനം പറയുന്നതുപോലെ അവർ ദൈവത്തെ സ്മരിച്ചു ജീവിച്ചുവെന്നതാണ്.

ദൈവത്തെ സ്മരിക്കാതെ ജീവിക്കുന്നതിലാണ് സന്തോഷമെന്ന് വളർന്നുവരുന്ന തലമുറയെ പറഞ്ഞു ധരിപ്പിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ആധുനിക നാഗരികതയുയർത്തുന്ന മൂല്യത്തകർച്ചയും ആകുലതകളും പ്രതിസന്ധികളും യുവജനങ്ങളെ വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അന്ധകാരാവൃതമായ സമകാലീന സമൂഹത്തിന്റെ വായു ശ്വസിക്കുന്ന യുവജനങ്ങൾക്ക് പ്രത്യാശാപൂർവ്വകമായ ഭാവിയുടെ സൃഷ്ടാക്കളാകാൻ സാധിക്കുകയില്ല. അതുകൊണ്ട് അവർക്ക് ആവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുകയെന്നത് മാതാപിതാക്കളുടെയും സഭയുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുവത്വത്തെ ഒരു നിധിയായി വിശേഷിപ്പിച്ചുകൊണ്ട് പറഞ്ഞു: യുവത്വം യുവാക്കളുടെ മാത്രം അവകാശമല്ല... അത് മനുഷ്യവർഗ്ഗത്തിന്റെ തന്നെ സമ്പത്താണ്. അതുകൊണ്ടുതന്നെ യുവജനങ്ങളുടെ നന്മയും സമൂഹത്തിന്റെ ഭാവിയും ആഗ്രഹിക്കുന്ന എല്ലാവരും യുവജനങ്ങളുടെ കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

യുവജനങ്ങൾ എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണെന്ന സമീപനം നമ്മൾ തിരുത്തേണ്ടതുണ്ട്. അവർ പ്രശ്നങ്ങൾ വെളിപ്പെടുത്തുന്നവരാണ്, തങ്ങളുടെയും സമൂഹങ്ങളുടെയും പ്രശ്നങ്ങൾക്ക്





പരിഹാരം തേടുന്നവരാണ്. ആദ്യത്തെ സമീപനം പലപ്പോഴും അവരെ കുറ്റപ്പെടുത്തുന്നതിലും ഒറ്റപ്പെടുത്തുന്നതിലും അവസാനിക്കും. എന്നാൽ രണ്ടാമത്തെ സമീപനം അവരെ കൂടുതൽ മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഊന്നൽ കൊടുക്കുന്നതാണ്. കുടുംബത്തിലും സമൂഹത്തിലും സഭയിലും ഇത്തരമൊരു സമീപനം യുവജനങ്ങളോട് സ്വീകരിക്കുമ്പോൾ അവർക്ക് കൂടുതൽ സ്വീകാര്യതയും അംഗീകാരവും അനുഭവപ്പെടുകയും അതനുസരിച്ച് അവരുടെ സമീപനം കൂടുതൽ ക്രിയാത്മകവും സുവിശേഷമൂല്യങ്ങളിലധിഷ്ഠിതമായ സമൂഹം സൃഷ്ടിക്കുന്നതിന് അനുയോജ്യവുമാകും. ഈ യുവജനവർഷത്തിൽ യുവജനങ്ങളോടുള്ള നമ്മുടെ, പ്രത്യേകിച്ച് മുതിർന്നവരുടെ സമീപനത്തെ ഒരു പുനഃപരിശോധനക്ക് വിധേയമാക്കണം.

പ്രിയപ്പെട്ട യുവജനങ്ങളെ, നിങ്ങളോട് എനിക്ക് പറയാനുള്ളത് ഇതാണ്. നിങ്ങളുടെ യുവത്വം ചോദ്യങ്ങൾ നിറഞ്ഞതാണ്. എന്നാൽ അതോടൊപ്പം നിങ്ങൾ ഓർക്കണം സുവിശേഷം ഉത്തരങ്ങൾ നിറഞ്ഞതുമാണ് എന്ന്. ഏശയ്യ പ്രവാചകന്റെ വചനങ്ങൾ നമുക്ക് പ്രത്യാശ നൽകുന്നതാണ്. നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ പിന്നിൽ നിന്ന് ഒരു സ്വരം നിന്റെ കാതുകൾ ശ്രവിക്കും: ഇതാണ് വഴി, ഇതിലെ പോവുക(ഏശയ്യ 30,21). പ്രതിസന്ധികളുടെ നാൽക്കവലകളിൽ നിന്ന് വട്ടം തിരിയുമ്പോൾ, ജീവിതത്തിന്റെ തന്നെ അർത്ഥം തേടി അലയുമ്പോൾ ദൈവത്തിന്റെ സ്വരത്തിന് കാതുകൊടുക്കുന്നവർ ജീവിതത്തിൽ ശരിയായ പാതയിലൂടെ നടക്കുമെന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുകയാണ്. യുവജനങ്ങൾ എന്ന് പറയുമ്പോൾ തന്നെ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്ന ചിത്രം പ്രവർത്തനോന്മുഖർ, കാലഘട്ടത്തോട് പ്രതികരിക്കാൻ കഴിവുള്ളവർ എന്നൊക്കെയാണ്. എന്നാൽ യുവജനങ്ങൾ വിസ്മരിക്കരുതാത്ത ഒരു കാര്യമുണ്ട്: അർത്ഥപൂർണ്ണമായ ഏതൊരു പ്രവർത്തനത്തിന്റെയും ഫലപ്രദമായ എല്ലാ സാമൂഹ്യ ഇടപെടലുകളുടെയും പിന്നിൽ ആഴമേറിയ നിശബ്ദതയുടെയും ധ്യാനത്തിന്റെയും തലമുണ്ട്. യുവാവായ ക്രിസ്തുതന്നെയാണ് നമുക്ക് മാതൃക. തന്റെ പ്രവർത്തനങ്ങൾക്കിടയിലും ദൈവവുമായി സംസാരിക്കാൻ മലമുകളിലേക്ക് കയറി രാത്രിയുടെ നിശബ്ദതയിൽ

കഴിയുന്ന യേശുവിന്റെ ചിത്രം സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. യേശുവിന്റെ നേതൃത്വം സ്വീകരിച്ച് മുന്നേറുന്ന നമ്മൾ യേശുവിന്റെ ജീവിതത്തിലെ സുന്ദരമായ ഈ മുഖം പലപ്പോഴും കാണുന്നില്ല. ആന്തരികമായ നിശബ്ദതയിൽ നിന്നാണ് ലോകത്തെ പരിവർത്തനപ്പെടുത്താനുള്ള ശക്തി നമുക്ക് ലഭിക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങൾക്കും വാക്കുകൾക്കും ദൈവികമായ ഉറവിടം ഉണ്ടാകുമ്പോൾ ഏതൊരു പ്രതിസന്ധിയിലും എതിർപ്പിന്റെ മുൻപിലും പതറിപ്പോകാതെ പ്രവർത്തിക്കാനുള്ള ധൈര്യം നമുക്കുണ്ടാകും. ഈ യുവജനവർഷത്തിൽ ഓരോ യുവാവും യുവതിയും എല്ലാ ദിവസവും കുറച്ചു നേരമെങ്കിലും നിശബ്ദമായ പ്രാർത്ഥനക്കായി മാറ്റി വയ്ക്കാൻ ശ്രമിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഓരോദിവസവും വാർത്തകൾ വായിക്കുമ്പോഴും കേൾക്കുമ്പോഴും, തോന്നുന്നതെന്തും ചെയ്യാൻ മടിയില്ലാത്തവരുടെ എണ്ണം കൂടി വരികയാണെന്ന് നാം മനസ്സിലാക്കുന്നു. തിന്മ അടക്കി വാഴുന്ന വ്യക്തികളുടെ ലക്ഷണമാണത്. അക്രമവാസനകൾ, മദ്യം, മയക്കുമരുന്ന്, ആത്മഹത്യാപ്രവണത, നഷ്ടപ്പെടുന്ന ആത്മീയാവ ബോധം, ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടംബബന്ധങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, ഭൂമിയുടെ നാശം, സാധാരണക്കാരുടെ തകർച്ച തുടങ്ങിയവയെല്ലാം നാം നേരിടുന്ന സാംസ്കാരിക പ്രതിസന്ധിയുടെ വിവിധ മുഖങ്ങളാണ്. മൂല്യബോധത്തിൽ ഉണ്ടായ മാറ്റം സമൂഹത്തിൽ പണാധിപത്യവും പൊള്ളയായ ബന്ധങ്ങളും സൃഷ്ടിച്ചിരിക്കുകയാണ്. സുഖമായി ജീവിക്കുക എന്നതാണ് ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം എന്ന അവസ്ഥയിലേക്ക് സമൂഹവും കുടംബവും വ്യക്തികളും മാറിക്കൊണ്ടിരിക്കുന്നതായി സമകാലിക അനുഭവങ്ങൾ തെളിയിക്കുന്നു. അദ്ധ്വാനിക്കാതെ എളുപ്പത്തിൽ പണം സമ്പാദിക്കാനുള്ള പ്രവണതയാകാം കള്ളക്കടത്ത്, പിടിച്ചുപറി, കൂലിതല്ല് തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേക്ക് ചില യുവജനങ്ങളെയെങ്കിലും നയിക്കുന്നത്. ഈ പ്രതിസന്ധിയിലാണ് മൂല്യബോധമുള്ള യുവജനങ്ങളുടെ പ്രസക്തിയും പങ്കും വളരെ പ്രാധാന്യമുള്ളതാകുന്നത്. ഭൗതിക ലക്ഷ്യങ്ങൾ മാത്രം നേടിയെടുക്കാൻ വെമ്പൽ കൊള്ളുന്ന സമൂഹത്തി





ന്റെ മുൻപിൽ യേശുവിന്റെ അടുത്ത് എത്തുന്ന ധനികനായ യുവാവിന്റെ ചോദ്യം വളരെ പ്രസക്തമാകുന്നു. നല്ലവനായ ഗുരോ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? (മർക്കോ 10,17). ഇ ഈ ചോദ്യം ആ ചെറുപ്പക്കാരന്റെ ജീവിതത്തെ മുഴുവൻ സ്പർശിക്കുന്നതായിരുന്നു. ജീവിതത്തെ അർത്ഥപൂർണ്ണവും മൂല്യാധിഷ്ഠിതവുമാക്കാൻ ഞാൻ എന്തു ചെയ്യണം? അനശ്വരമായ ജീവിതം സ്വന്തമാക്കാൻ എന്ത് ചെയ്യണം? ഈ ചോദ്യം യുവജനങ്ങൾ കൂടെ കൂടെ ചോദിക്കണം. ഇത് വ്യക്തമായ ഉത്തരമുള്ള ചോദ്യമാണെന്ന് തിരിച്ചറിയണം.

ഈ ലോകത്തിലെ ജീവിതം എത്ര സമ്പന്നമായാലും ഏറെ ഭൗതിക നേട്ടങ്ങളുണ്ടായാലും നിത്യജീവിതവുമായി ബന്ധപ്പെടുമ്പോഴാണ് അത് അർത്ഥവത്താകുന്നത്. ജീവിതത്തെപ്പറ്റി ഉത്കൃഷ്ടമായ ഒരു ദർശനം, ക്രൈസ്തവദർശനം, സ്വരൂപിച്ചെടുക്കേണ്ട കാലഘട്ടമാണ് യുവത്വം. നല്ല ദർശനങ്ങളിൽ നിന്നാണ് നല്ല പ്രവർത്തനങ്ങൾ ഉണ്ടാകുന്നത്. യേശുവിന്റെ ദർശനം സ്വന്തമാക്കുന്ന ഓരോ യുവാവിനും യുവതിക്കും സമൂഹത്തിലെ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിച്ച് മുന്നോട്ട് പോകാനാവില്ല. ഗുണകരമായ രീതിയിൽ സമൂഹത്തിൽ മാറ്റങ്ങളും പരിവർത്തനങ്ങളും ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടണം. ഇടവകയിലെ യുവജനസംഘടനയിൽ ചേർന്ന് യേശുവിന്റെ ദർശനത്തിനനുസരിച്ച് പ്രവർത്തിക്കുന്ന യുവജനസമൂഹത്തെ സൃഷ്ടിക്കുന്നതിൽ അവർ ഉത്സുകരാകണം.

ദൈവത്തെ നിരന്തരം സ്മരിക്കുന്ന, ദൈവസ്വരത്തിന് കാതുകൊടുത്ത് ജീവിത വഴികളിലുടെ നടന്നു നീങ്ങുന്ന, യേശുവിന്റെ ദർശനത്തിലൂന്നി സാമൂഹിക പരിവർത്തനത്തിനായി പ്രവർത്തിക്കുന്ന, സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ച് കാലികപ്രശ്നങ്ങളോട് പ്രതികരിക്കുന്ന ഉന്മേഷവും സന്തോഷവും വ്യക്തി ജീവിതത്തിൽ അനുഭവിക്കുന്ന ഒരു യുവജനസമൂഹത്തെയാണ് യുവജനവർഷത്തിന്റെ സമാപനത്തിൽ, രുപത സ്വപ്നം കാണുന്നത്. അവരായിരിക്കും രൂപതയുടെ പ്രത്യാശ. യുവജനവർഷാചരണം ഫലപ്രദമാക്കാൻ ഉപയുക്തമായ പരിപാടികൾക്ക് രൂപതയിലെ കെ.സി.വൈ.എമ്മും ഇതര യുവജന സംഘടനകളും സംയുക്തമായി രൂപം കൊടുത്തിട്ടുണ്ട്.

ആഘോഷപരിപാടികളെക്കാൾ യുവജനങ്ങൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന ബോധവത്കരണ പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇടവക തലത്തിലും ഫൊറോന തലത്തിലുമാണ് അവയെല്ലാം നടത്തപ്പെടുന്നത്. അവ വിജയകരവും ഫലപ്രദമാവുമാകാൻ എല്ലാ വികാരിയച്ചന്മാരും ഇടവകാംഗങ്ങളും ആത്മാർത്ഥമായും സജീവമായും സഹകരിക്കണം. യുവജനങ്ങളുടെ പോരായ്മകൾ ക്ഷമിച്ച് അവരെ പ്രോത്സാഹിപ്പിക്കണം. ആദ്യം ചെയ്യേണ്ട കാര്യം കെ.സി.വൈ.എം. യൂണിറ്റില്ലാത്ത ഇടവകകളിൽ അത് ആരംഭിക്കുക എന്നതാണ്. ഓരോ ഇടവകയുടേയും വരുമാനത്തിന്റെ പത്തുശതമാനമെങ്കിലും യുവജന പ്രവർത്തനങ്ങൾക്കായി ഈ വർഷം നീക്കിവയ്ക്കണം. യുവജന വർഷത്തിന്റെ ഇടവകതല ഉദ്ഘാടനം ജൂലൈമാസം 5-ാം തിയ്യതി ഞായറാഴ്ച വി. കുർബ്ബാനയോടനുബന്ധിച്ചോ അതേ തുടർന്നോ സമുചിതമായി നടത്തേണ്ടതാണ്.

യേശുവിന്റെ യുവത്വം സമൂഹത്തിൽ പ്രതിഫലിപ്പിക്കുവാനുള്ള വിളി സ്വീകരിച്ചിരിക്കുന്ന യുവജനങ്ങൾക്ക് ആ വിളിക്കനുസൃതം ജീവിക്കുവാൻ യുവജന വർഷാചരണം സഹായകമാകട്ടെ. അപ്രകാരം ജീവിക്കുവാൻ അവരുടെ ആത്മീയപാലകരും ഗുരുഭൂതരും മാതാപിതാക്കളും പ്രിയപ്പെട്ടവരുമായ നമുക്ക് അവരെ സഹായിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ജൂൺ 28-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





Prot. No. 417/2009

# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

ദുക്റാന തിരുനാൾ ലോകമെങ്ങുമുള്ള സീറോ-മലബാർ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു ദിവസമാണല്ലോ. ഭാരതപ്പസ്തോലനും വിശ്വാസത്തിൽ നമ്മുടെ പിതാവുമായ മാർത്തോമാശ്ലീഹ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന തന്റെ വിശ്വാസ പ്രഘോഷണത്തിന് സ്വന്തം ജീവൻ കൊണ്ട് സാക്ഷ്യം നല്കിയ ദിനമാണത്. ഈ തിരുനാൾ ആചരിക്കുന്ന ഓരോ വ്യക്തിക്കും ഇത് വിശ്വാസത്തിലുള്ള ഒരു പുനർജീവിതത്തിന്റെ തുടക്കമായിരിക്കണം. തോമാശ്ലീഹായിൽ നിന്ന് ലഭിച്ച തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് കേരളത്തിലും കേരളത്തിനു പുറത്ത് ഭാരതത്തിലും വിദേശത്തുമായി ജീവിക്കുന്ന എല്ലാ സീറോ-മലബാർ സഭാംഗങ്ങൾക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.

ജനിച്ച നാടും വീടും വിട്ട് കേരളത്തിന് പുറത്ത് ഇന്ത്യയിലും വിദേശത്തുമായി തങ്ങളുടെ കുടുംബങ്ങളുടെ ക്ഷേമത്തിനു വേണ്ടി കഷ്ടപ്പെട്ട് പണിയെടുക്കുന്നതോടൊപ്പം തങ്ങൾക്ക് ലഭിച്ച വിശ്വാസ പാരമ്പര്യം അവിടുത്തെ പരിമിതമായ സാഹചര്യങ്ങളിൽ കാത്തുസൂക്ഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന സീറോ-മലബാർ സഭാംഗങ്ങളായ പ്രവാസി മലയാളികളെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുകയാണ്. വിശ്വാസ ജീവിതത്തിനുവേണ്ടിയുള്ള അവരുടെ ആത്മാർപ്പണത്തിന്റെയും ത്യാഗോജ്ജ്വലമായ പ്രയത്നങ്ങളുടെയും ഉത്തമോദാഹരണമാണ് ഖത്തറിലെ ദോഹയിൽ മെയ് 22 ന് ഞാൻ കൂദാശ ചെയ്ത ഗൾഫ് റീജിയനിലെ ആദ്യത്തെ

സീറോ-മലബാർ ദേവാലയം. തീർച്ചയായും വളരെ അഭിമാനിക്കത്തക്ക ഒരു നേട്ടം തന്നെയാണിത്. ഈ വിജയത്തിനു പുറകിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളെയും ഞാൻ അഭിനന്ദിക്കുകയാണ്. മറ്റു സ്ഥലങ്ങളിലുള്ള പ്രവാസി സമൂഹങ്ങൾക്കും ഇത് വലിയ പ്രചോദനവും മാതൃകയും ആയിതീരട്ടെ.

ഈ അവസരത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൂജ്യത കാത്തുസൂക്ഷിക്കുവാൻ നാം എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം എന്ന വസ്തുതയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിയതമായ സഭാഭരണ സംവിധാനങ്ങളില്ലാത്ത സാഹചര്യങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ രീതിയിലുള്ള അജപാലനസൗകര്യങ്ങളോ വിശ്വാസപരിശീലനപദ്ധതികളോ ഇല്ലാത്ത അവസ്ഥയിൽ പൈതൃകമായി നമുക്ക് ലഭിച്ചിട്ടുള്ള കത്തോലിക്കാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുവാനുള്ള സാധ്യത വളരെ ശക്തമാണ്. കത്തോലിക്കാ വിശ്വാസത്തിന് കടക വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന പല സെക്ടുകളും ഇന്ന് രൂപം കൊണ്ടിട്ടുണ്ട്. ധാരാളം പേർ അവരുടെ ആകർഷണ വലയത്തിൽ പെട്ട് തിരുവചനം തെറ്റായി വ്യാഖ്യാനിക്കുവാനും കൂദാശാജീവിതത്തിൽ നിന്നും വിട്ടുനില്ക്കുവാനും കത്തോലിക്കാ കൂട്ടായ്മയിൽ നിന്നു തന്നെ അകന്നുപോകുന്നതിനും ഇടയാകുന്നുണ്ട് എന്ന കാര്യം ഖേദപൂർവ്വം അനുസ്മരിക്കട്ടെ. പുതുതായി രൂപം കൊണ്ടിട്ടുള്ള സെക്ടുകളെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻമാർ കഴിഞ്ഞ മാർച്ച് മാസത്തിൽ പുറത്തിറക്കിയ സംയുക്ത ഇടയലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അടുത്ത കാലത്തു സഭയിലെ ചില അത്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർത്ഥനാ ഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാ പ്രബോധനങ്ങളിൽ നിന്നും നിയന്ത്രണത്തിൽ നിന്നും അകന്ന് സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്തവയാണ്. കേരളത്തിൽ അടുത്തകാലത്ത് ആരംഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളും അവ സഭയുടെ അംഗീകാരമുള്ളതാണെന്ന തെറ്റിദ്ധാരണ പരത്തി പ്രവൃത്തിക്കുന്നതായി ഇടയലേഖനം ചൂണ്ടിക്കാണിക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമാക്കി





പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്, മാളയിലെ അമ്മ, കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റ്റോൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയ പ്രസ്ഥാനങ്ങളും സ്വർഗ്ഗീയ വിരുന്നുപോലെയുള്ള സഭാഗ്രൂപ്പുകളും ഇതിൽ പെടുന്നു. സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും വിശ്വാസികൾ സംബന്ധിക്കരുതെന്ന് ഇടയലേഖനം മുന്നറിയിപ്പ് നൽകുന്നു.

2008 ഓഗസ്റ്റിൽ കൂടിയ സീറോ-മലബാർ ബിഷപ്സ് സിനഡും സ്പിരിറ്റ് ഇൻ ജീസസ്, എമ്പറർ എമ്മാനുവേൽ, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. മുകളിൽ പറഞ്ഞ സെക്ടുകളും പ്രസ്ഥാനങ്ങളും വിവിധ രൂപതകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാകകൊണ്ടും ഇവരുടെ പ്രവർത്തനങ്ങളുടെ ദൂഷ്യവശങ്ങൾ ഒരു രൂപതയിൽ മാത്രം കേന്ദ്രീകരിച്ചുള്ളതല്ലാത്തതുകൊണ്ടും ഇവക്കെതിരെയുള്ള നിരോധനം സഭയിൽ മുഴുവനുമായി വിപുലപ്പെടുത്തണമെന്ന് പെർമനന്റ് സിനഡ് നിർദ്ദശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനങ്ങൾ നമ്മുടെ സഭ മുഴുവനിലും നിരോധിക്കപ്പെട്ടിരിക്കുകയാണെന്ന് ഇതിനാൽ ഞാൻ നിങ്ങളെ അറിയിക്കുകയാണ്. അതിനാൽ ഇത്തരം പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്യരുതെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഗ്രൂപ്പുകളെയോ പ്രസ്ഥാനങ്ങളെയോ ധ്യാനപരിപാടികൾക്കും പ്രാർത്ഥനാസമ്മേളനങ്ങൾക്കും ക്ഷണിക്കുമ്പോൾ അവർ കത്തോലിക്കാ സഭാധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചവരാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കട്ടെ.

സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്. സഭയിലെ ഓരോവ്യക്തിയും സഭയുടെ ദൗത്യത്തിൽ അവരുടെതായ തലങ്ങളിൽ നിന്നുകൊണ്ട് പങ്കുകാരാകേണ്ടതുണ്ട്. മെത്രാൻമാരും പുരോഹിതരും സന്യസ്തരും അത്മായരും തങ്ങളുടെ തനതായ ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെ തങ്ങളുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഈ ദൗത്യ നിർവ്വഹണത്തിൽ അത്മായരുടെ പങ്ക് അടുത്തകാലംവരെയും വേണ്ടത്ര പ്രാധാന്യത്തോടെ വീക്ഷിക്കപ്പെട്ടിരുന്നില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ സിനഡിൽ ഒരു അത്മായ കമ്മീ

ഷന് രൂപം കൊടുത്തിട്ടുള്ളത്. കമ്മീഷൻ വിവിധങ്ങളായ പരിപാടികളിലൂടെ സഭാ പ്രവർത്തനങ്ങളിൽ അത്മായരുടെ ശരിയായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള പരിപാടികളുമായി ഇതിനകം തന്നെ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. അടുത്ത ഓഗസ്റ്റ് 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇതിന്റെ ഭാഗമായി ഒരു International Laity Assembly വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ വിജയത്തിന്നായി നിങ്ങളുടെ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല അതുകഴിഞ്ഞു വരുന്ന മെത്രാൻ സമിതിയുടെ സമ്മേളനത്തോടനുബന്ധിച്ച് വൈദിക-സന്യസ്ത-അത്മായ പ്രതിനിധികളുമായി ഒരു interaction ഒരുക്കുവാൻ പെർമനന്റ് സിനഡ് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സഭയുടെ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ വിഭാഗങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അജപാലനരംഗത്ത്, പ്രത്യേകിച്ച് പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ വിശ്വാസപാരമ്പര്യമനുസരിച്ചുള്ള അജപാലന ശുശ്രൂഷ നല്കുവാനുള്ള എല്ലാ പരിശ്രമങ്ങളും നമ്മൾ ചെയ്തുവരുന്നുണ്ട്. പ്രതീക്ഷിച്ച വിജയങ്ങൾ കൈവരിക്കാനായിട്ടില്ലെങ്കിലും നമുക്ക് പ്രത്യാശനഷ്ടപ്പെടാതെ നമ്മുടെ പരിശ്രമം തുടരാം. അതേസമയം ഈ ദൗത്യനിർവ്വഹണത്തിന്നായി നിരവധി വൈദികരെ നമുക്ക് ആവശ്യമുണ്ടെന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളികൾ ഉയർന്നുവരേണ്ടതു നാമോരോരുത്തരുടെയും കുടുംബങ്ങളിൽ നിന്നു തന്നെയാണ്. പരിശുദ്ധ പിതാവ് 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയുള്ള വർഷത്തെ പുരോഹിതർക്കായുള്ള വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ ഭവനങ്ങളിൽ നിന്ന് ദൈവവിളികൾ - പൗരോഹിത്യത്തിലേയ്ക്കും സന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ വലിയൊരു ഉത്തരവാദിത്വമാണ്. പുരോഹിതർക്കായുള്ള വർഷാചരണം അതിന് ശക്തമായ ഒരു പ്രചോദനമായിരിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ആളുകൊണ്ട് മാത്രമല്ല അർത്ഥം കൊണ്ടും നാം നമ്മുടെ സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരേണ്ടതുണ്ട്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും സഭാദിനത്തോടനുബന്ധിച്ച് ഒരാൾക്ക് ഒരു രൂപ നിരക്കിൽ എല്ലാ സീറോ-മലബാർ സഭാംഗങ്ങളും സാമ്പത്തിക സഹായം നല്കണമെന്ന സിനഡ്



Palakkad Rupatha Bulletin JUNE '09

തീരുമാനം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ ഇതിനായി അഭ്യർത്ഥിക്കുന്നു.

ദുക്റാന തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ മാർത്തോമായിൽ നിന്ന് നമുക്ക് ലഭിച്ച വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിക്കുവാനും പരിപാലിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും സ്വദേശത്തും വിദേശത്തുമുള്ള എല്ലാ സീറോ-മലബാർ ക്രൈസ്തവർക്കും വലിയ ഉത്തരവാദിത്വമുണ്ട് എന്ന് നാം ഓർക്കണം. ഈ വിശ്വാസ ജീവിതത്തിന്റെ മകുടോദാഹരണമാണ് സീറോ-മലബാർ സഭയുടെ അരുമസന്താനവും അഭിമാനപാത്രവുമായ ഭാരതത്തിലെ ആദ്യത്തെ വനിതാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട വി. അൽഫോൻസ. ഈ വിശ്വാസത്തിൽ നിന്ന് നമ്മെ വഴി തെറ്റിക്കാനും സഭാ കൂട്ടായ്മയിൽ നിന്ന് നമ്മെ അടർത്തിയെടുക്കുവാനും പരിശ്രമിക്കുന്ന ശക്തികളെയും പ്രസ്ഥാനങ്ങളെയും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. അവയ്ക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. നാം ഏതു തലത്തിലാണെങ്കിലും സഭാ കൂട്ടായ്മയിൽ നമ്മുടെ സ്ഥാനം അനന്യമാണന്നു മനസ്സിലാക്കി ഈ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് മേയ് മാസം 25-ാം തിയതി നൽകപ്പെട്ടത്.

വർക്കി കാർഡിനൽ വിതയത്തിൽ
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

NB : ഈ ഇടയലേഖനം ജൂലൈ 3-ാം തിയതി കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

മാർ ജേക്കബ് മനത്തോടത്ത്
പാലക്കാട് രൂപതാ മെത്രാൻ

"ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ"(കൊളോ 3:16)

## ബൈബിൾ ഞായർ 2009

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവായ യേശുവിൽ പ്രിയപ്പെട്ടവരേ,

ഈ വർഷത്തെ ബൈബിൾ ഞായർ ജൂൺ 21 -ാം തീയതി നാം ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ജൂൺ 15 മുതൽ 20 വരെ തിയതികളിൽ ബൈബിൾ വാരമായും ആചരിക്കുന്നു.

ഈ വർഷത്തെ ബൈബിൾ ഞായറിന്റെയും ബൈബിൾ വാരത്തിന്റെയും മുഖ്യവിഷയമായി സ്വീകരിച്ചിരിക്കുന്നത് 'പുരോഹിതർ ദൈവവചനവ്യാഖ്യാനശുശ്രൂഷയ്ക്ക്' എന്നതാണ്. ജ്ഞാനസ്നാനംവഴി ക്രൈസ്തവനും തിരുപ്പട്ടംവഴി പുരോഹിതനും തങ്ങൾക്ക് ലഭിച്ച സവിശേഷാധികാരത്താൽ ദൈവവചനത്തിന്റെ വ്യാഖ്യാതാക്കൾ ആകേണ്ടവരാണ്.

ഈ വിഷയം സ്വീകരിക്കുന്നതിനു പ്രേരിപ്പിച്ച പശ്ചാത്തലത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സാർവ്വത്രികസഭ പൗരോഹിത്യ വർഷമായി ആചരിക്കുകയാണ്. പുരോഹിതരുടെ മധ്യസ്ഥനായ ആർസിലെ വി. ജോൺ മരിയ വിയാനിയുടെ 150 -ാം ചരമവാർഷികം പ്രമാണിച്ചാണ് ബെനഡിക്ട് 16-ാമൻ മാർപാപ്പാ സാർവ്വത്രികസഭപൗരോഹിത്യവർഷമായി ആചരിക്കണമെന്ന് പ്രഖ്യാപിച്ചത്. ഈ പശ്ചാത്തലത്തിൽ പൗരോഹിത്യശുശ്രൂഷയ്ക്ക് നിയുക്തരായവരുടെ പ്രഥമപ്രധാനദൗത്യമായ ദൈവവചനവ്യാഖ്യാന - പ്രഘോഷണചുമതലയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കുമല്ലോ. ആഗോളസഭപൗരോഹിത്യവർഷത്തിന്റെ ചിന്താവിഷയമായി എടുത്തിരിക്കുന്നത് 'ക്രിസ്തുവിന്റെ വിശ്വസ്തതയും പുരോഹിതരുടെ വിശ്വസ്തതയും' എന്നതാണ്. പുരോഹിതർ വളരെ വിശ്വസ്തതയോടെ നിർവഹിക്കേണ്ട ഒരു ദൗത്യമാണ് നാമിവിടെ വിചിന്തനം ചെയ്യുന്നത്.

കൂടാതെ, ഏറ്റവും വലിയ വചനപ്രഘോഷകനായ വി. പൗലോസിന്റെ 2000-ാം ജന്മദിനം സമുചിതമായി അനുസ്മരിക്കുവാൻ ബനഡിക്ട് 16 -ാമൻ മാർപാപ്പ പ്രഖ്യാപിച്ച പൗലോസിന്റെ വർഷം ജൂൺ മാസം 27-ാം തിയതി അവസാനിക്കുകയുമാണല്ലോ. വചനത്തിന്റെ ശക്തിയും മാധുര്യവും മനസ്സിലാക്കി സുവിശേഷപ്രഘോഷണത്തിനായി ജീവിതം സമർപ്പിച്ച പൗലോസിന്റെ മാതൃകയോടു ചേർത്ത് വിചിന്തനം നടത്തുന്നത് സന്ദർഭോ





ചിതംതന്നെ.

പ്രേഷിതതീക്ഷ്ണതയാൽ ജ്വലിച്ച പൗലോസിന്റെ സുവിശേഷപ്രസംഗങ്ങളുടെയെല്ലാം കേന്ദ്രാശയം ക്രിസ്തുവും ക്രിസ്തുവിലൂടെയുള്ള മനുഷ്യരക്ഷയുമാണ്. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ സഭാപീഢകനായിരുന്ന പൗലോസ്, ക്രമാനുഗതമായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം ആർജ്ജിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സഭാസമൂഹങ്ങളെ കെട്ടിപ്പടുത്തു. നസ്രത്തിലെ യേശു ഉത്ഥിതനായ ക്രിസ്തുവാണെന്ന് പൗലോസ് മനസ്സിലാക്കിയത് ഡമാസ്ക്കസിലേക്കുള്ള യാത്രയിലുണ്ടായ മാനസാന്തരാനുഭവത്തിൽ നിന്നാണ്. അനന്തരം അറേബ്യയിലും ജറൂസലേമിലും താർസൂസിലും യേശുവിനെക്കുറിച്ചുള്ള പഠനത്തിൽ അദ്ദേഹം ചെലവഴിച്ചു. ഈ സന്ദർഭത്തിലാണ് അദ്ദേഹം പത്രോസിനെയും മറ്റ് അപ്പസ്തോലൻമാരെയും കണ്ടുമുട്ടുന്നത്. പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട മിശിഹായെ യേശുവിൽ കണ്ടുമുട്ടിയ പൗലോസ്, റോമിൽ A.D. 68 -ൽ രക്തസാക്ഷിത്വം വരിക്കുന്നതുവരെ ക്രിസ്തുവിന്റെ അപ്പസ്തോലനെന്ന നിലയിൽ തീക്ഷണതയോടെ പ്രവർത്തിച്ചു. അന്ത്യഘട്ടമെത്തിയപ്പോൾ യേശു ഇന്നലെയും ഇന്നും എന്നും ജീവിക്കുന്ന ആദിയും അന്തവുമായ ക്രിസ്തുവാണെന്ന് പൗലോസ് പൂർണ്ണമായും അനുഭവിച്ചറിഞ്ഞു. ക്രൂശിതനായ യേശുവിനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നും പ്രസംഗിക്കേണ്ടതില്ലെന്നും പൗലോസ് തീരുമാനിച്ചു (1 കൊറി 1:23, 2:2).

പൗലോസിന്റെ ദൈവശാസ്ത്രമനുസരിച്ച് സഭയെക്കുറിച്ചുള്ള ജ്ഞാനമില്ലാതെ ദൈവപുത്രനായ ക്രിസ്തുവിനെ അറിയുക സാധ്യമല്ല. സഭ അദ്ദേഹത്തിന് ആത്മീയ വ്യക്തിത്വമുള്ള വിശ്വാസികളുടെ സമൂഹമാണ്. മറ്റു സംഘങ്ങളിൽനിന്നും സമ്മേളനങ്ങളിൽനിന്നും സഭയെ വ്യതിരിക്തമാക്കുന്ന ഘടകം അതിന്റെ ക്രിസ്ത്വനുകരണമാണ്. അനുകരണത്തിലൂടെ ആത്മീയ നന്മകളിലുള്ള ഭാഗഭാഗിത്വം തുടരുന്നു. സഭയിൽ രൂപപ്പെട്ട ബൈബിളിന്റെ സംരക്ഷകയും വ്യാഖ്യാതാവും സഭതന്നെയാണ്. വി. ഗ്രന്ഥം ആധികാരികമായി വ്യാഖ്യാനിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തി (Magisterium) നാണ്.

ക്രിസ്തുവിന്റെ തുടർച്ചയായ സഭയിൽ ക്രിസ്തുവിന്റെ ദൗത്യം നിർവഹിക്കുവാൻ അപ്പസ്തോലൻമാരും അജപാലകരും മൂപ്പന്മാരും ഡീക്കന്മാരുമെല്ലാം ആദിമസഭാകാലഘട്ടത്തിൽ തന്നെ നിയോഗിക്കപ്പെടുന്നുണ്ട്. 'ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷകാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല'(അപ്പ 6:2) എന്നു വിധിയെഴുതിയ അപ്പസ്തോലന്മാരെയാണ് ആദിമസഭയിൽ നാം കാണുക.

ദൈവവചനശുശ്രൂഷ ആദിമസഭയിലെന്നപോലെ ഇന്നും പുരോഹിതരുടെ ദൗത്യനിർവഹണത്തിന്റെ അവിഭാജ്യഘടകമാണ്. ക്രൈസ്തവസന്ദേശം സ്വീകരിക്കാൻ ക്ഷണിക്കപ്പെടുന്നവർക്ക് ശരിയായ രീതിയിൽ വി. ഗ്രന്ഥം വ്യാഖ്യാനിച്ചുകൊടുക്കുക പൗരോഹിത്യ ധർമ്മാനുഷ്ഠാനത്തിന്റെ ഭാഗമാണ്. ജറൂസലേമിൽ ആരാധിക്കാൻ പോയിട്ടു തിരിച്ചുവരികയായിരുന്ന എത്യോപ്യക്കാരൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട്, അവന്റെ രഥത്തെ സമീപിച്ച പീലിപ്പോസ് ചോദിച്ചു: 'വായിക്കുന്നത് നിനക്ക് മനസ്സിലാകുന്നുണ്ടോ?' 'ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക'എന്ന എത്യോപ്യക്കാരന്റെ മറുപടി വി. ഗ്രന്ഥം വായിക്കുന്ന ഓരോ സാധാരണക്കാരന്റെയും മനോവികാരമാണ്.

പൗരോഹിത്യശുശ്രൂഷയുടെ ദൗത്യശ്രേണിയിലെ പ്രഥമസ്ഥാനം ദൈവവചന പ്രഘോഷണത്തിനായിരിക്കണം. വി. പൗലോസ് എഴുതുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി 9:16). ദൈവവചനം ഒഴിവാക്കിയുള്ള സഭാജീവിതമില്ല. ഇന്ന് എല്ലാ ക്രൈസ്തവഭവനങ്ങളിലും സ്വന്തമായൊരു ബൈബിൾ ഉണ്ടെന്നുതന്നെ പറയാം. മാത്രവുമല്ല, ദൈവവചനത്തിനായി ദാഹിക്കുന്ന ദൈവജനമാണ് നമുക്കു ചുറ്റുമുള്ളത്. വിശ്വാസത്തിനു വിരുദ്ധമായി നൽകുന്ന ദുർവ്യാഖ്യാനം കേൾക്കാൻവരെ തയ്യാറാവുന്നതാണ് ദൈവവചനത്തിനായുള്ള ഈ ദാഹം. വി. ലിഖിതങ്ങളെ സമീപിക്കുന്നതിന് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട ഇച്ഛാ ശക്തിയും സങ്കേതങ്ങളും നഷ്ടപ്പെട്ട ഒരവസ്ഥയും ഇന്നുണ്ട്. സ്വന്തമായ ഭാഷയിൽ ദൈവവചനം വായിച്ചുകേട്ടാലും അതിന്റെ ശരിയായ അർത്ഥവും സന്ദേശവും ഉൾക്കൊള്ളുന്നതിന് അത് വ്യാഖ്യാനിച്ചു നൽകേണ്ടതാണ്. അപ്പോൾ പരിശുദ്ധാരൂപി ഉദ്ദേശിക്കുന്ന സന്ദേശം വചനം കേൾക്കുന്നവർക്ക് ഹൃദിസ്ഥമാകും.

വി. ഗ്രന്ഥവ്യാഖ്യാനത്തിന് രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും നമുക്ക് മാർഗ്ഗരേഖകൾ നല്കുന്നുണ്ട്. ചരിത്രപരമായ വസ്തുത ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനപരമായ മാനമാണ്. രക്ഷാകരചരിത്രം ഒരു കെട്ടുകഥയല്ല, യഥാർത്ഥ ചരിത്രമാണ്. യോഹ 1:14 -ലെ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു"എന്ന വചനത്തിലൂടെ രൂപീകൃതമായ ക്രൈസ്തവതത്വത്തിന്റെ ഫലമാണ് ഈ ആവശ്യം. ദൈവം നസ്രത്തിലെ യേശുവിൽ മനുഷ്യനായി എന്നത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഈ ചരിത്രത്തിന് മറ്റൊരു മാനമുണ്ട്. അത് ദൈവിക ഇടപെടലാണ്. അതുകൊണ്ട് ഒരേ സമയം മാനുഷികവും ദൈവികവുമായ





വചനത്തിന്റെ ശരിയായ വ്യാഖ്യാനത്തിന് രണ്ടാമതൊരു വ്യാഖ്യാനതലം കൂടിയുണ്ടെന്ന് *ദൈവാവിഷ്കരണം*എന്ന വത്തിക്കാൻ കൗൺസിൽ ഡിക്രി പറയുന്നു.

എഴുതപ്പെട്ട വചനം പുരോഹിതർ, എഴുതപ്പെട്ട അരൂപിയാലാവണം വ്യാഖ്യാനിക്കേണ്ടത്. ഇത് വ്യാഖ്യാനത്തിനുള്ള അടിസ്ഥാനപരമായ പ്രമാണമാണ്. സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും വിശുദ്ധരെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും വി. ഗ്രന്ഥരചയിതാക്കളെ പ്രചോദിപ്പിച്ചതുമായ അതേ ആത്മാവു തന്നെയാണ് വി.ഗ്രന്ഥം വ്യാഖ്യാനിക്കുന്ന പുരോഹിതരുടെ ഹൃദയത്തോടും സംസാരിക്കുന്നത്. അതുകൊണ്ട് ബൈബിളിന്റെ ദൈവികവും പരിശുദ്ധാത്മപരവുമായ മാനങ്ങൾ ശരിക്കും കണക്കിലെടുത്തുള്ള വ്യാഖ്യാനത്തിന് മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഉണ്ടാവണം.

1. വി.ഗ്രന്ഥത്തിന്റെ ആകമാനമുള്ള സമ്പൂർണ്ണതയും യോജിപ്പും കണക്കിലെടുത്താണ് ഓരോ ഭാഗവും വ്യാഖ്യാനിക്കേണ്ടത്. ഈ രീതിയെയാണ് ഇക്കാലത്ത് കാനോനിക്കൽ വ്യാഖ്യാനം എന്നു വിളിക്കുന്നത്.
2. സഭയുടെ ജീവിക്കുന്ന പാരമ്പര്യം കണക്കിലെടുക്കണം.
3. വിശ്വാസവുമായുള്ള പൊരുത്തം പരിഗണിക്കണം.

   വ്യാഖ്യാനങ്ങളുടെ ഈ മൂന്നു ഘടകങ്ങൾ പ്രകടമാക്കുന്ന വ്യാഖ്യാനത്തെ മാത്രമാണ് പുസ്തകത്തിനുചേർന്ന വ്യാഖ്യാനമെന്നു വിളിക്കാനാവുന്നത്.

ബൈബിൾ വ്യാഖ്യാനത്തിൽ ഈ മൂന്നു തലങ്ങളുടെ അസാന്നിധ്യം സൃഷ്ടിക്കുന്ന ന്യൂനതകൾ വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പലപ്പോഴും പ്രാരംഭതലത്തിൽ നിന്നുകൊണ്ടു മാത്രം വ്യാഖ്യാനിക്കുമ്പോൾ ബൈബിൾ വെറും ചരിത്രപുസ്തകമായി വായിക്കപ്പെടുന്നു. ഇവിടെ ബൈബിൾ ഭൂതകാലചരിത്രമായിമാത്രം നിലനിൽക്കുന്നു. എന്നാൽ ബൈബിളിനെ കേവലം ചരിത്രം വിവരിക്കുന്ന ഒന്നായിമാത്രം കരുതാതെ, അതിൽനിന്ന് രക്ഷാകരവും ധാർമ്മികവുമായ സന്ദേശങ്ങൾകൂടി ഉൾക്കൊള്ളുന്ന ജീവൽഗ്രന്ഥമായി കാണാൻ സാധിക്കണം.

മറ്റൊരു പ്രശ്നം ചരിത്രസംഭവങ്ങളെല്ലാം വെറും മാനുഷികം മാത്രമായി കണക്കാക്കപ്പെടുന്നു എന്നതാണ്. വിശ്വാസപരമായ വ്യാഖ്യാനം അപ്രത്യക്ഷമാകുന്നു. മാനവചരിത്രത്തിൽ ദൈവികത പ്രത്യക്ഷപ്പെടുന്നില്ല. അല്ലെങ്കിൽ ദൈവിക ഘടകങ്ങളുടെ ചരിത്രപരത നിഷേധിക്കുന്ന വ്യാഖ്യാനമായി ഇതു പരിണമിക്കുന്നു. ഉദാഹരണമായി ചിലർ ക്രിസ്തു വി. കുർബാന സ്ഥാപിച്ചതിനെ നിഷേധിക്കുന്നു. വിശ്വാസത്തിന്റെ വ്യാഖ്യാനം

ഇല്ലാതാകുന്നതിന്റെ ഫലമാണിത്. ഇത് ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലും സാന്നിധ്യവും നിഷേധിക്കുന്ന ദൈവദൂഷണപരമായ ദാർശനിക വ്യാഖ്യാനങ്ങൾക്ക് ഇടനൽകുന്നു. അതുകൊണ്ട് സഭയുടെ ജീവിതത്തിനും ദൗത്യത്തിനും വിശ്വാസത്തിന്റെ ഭാവിക്കും വ്യാഖ്യാനം വി.ഗ്രന്ഥപരമായ വ്യാഖ്യാനമാകണം. അത് സുവിശേഷപ്രസംഗങ്ങളുടെ അടിത്തറയാകണം.

പുരോഹിതരുടെ സുവിശേഷപ്രസംഗങ്ങളും വ്യാഖ്യാനങ്ങളും ഈ മൂന്നു ഘടകങ്ങൾ ഉൾക്കൊള്ളുന്നതാകണം. മിക്ക വിശ്വാസികൾക്കും ദൈവ വചനവുമായുള്ള ഏക സമ്പർക്കബിന്ദു ഞായറാഴ്ച ദിവ്യബലിമധ്യേയുള്ള സുവിശേഷപ്രസംഗമാണ്. ദൈവവചനത്തിന്റെ വ്യാഖ്യാനം പുരോഹിതർ എത്രമാത്രം വിശ്വസ്തതയോടെയും ഗൗരവബോധത്തോടെയും നിർവഹിക്കണമെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. വി. ലിഖിതങ്ങളെക്കുറിച്ചുള്ള ജ്ഞാനം വിശ്വാസത്താൽ നയിക്കപ്പെടണം. 'വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പററിയുള്ള പ്രസംഗത്തിൽനിന്നുമാണ്' (റോമ10:17). ഏതൊരു ബൈബിൾ ഭാഗവും വായിക്കപ്പെടുന്നത് വി.ലിഖിതത്തിന്റെ ആന്തരിക ഐക്യത്തിന്റെ പശ്ചാത്തലത്തിൽ ആയിരിക്കണം. കേവല വിജ്ഞാനത്തിൽ ബൈബിൾ വായന അവസാനിക്കരുത്. അത് മാനസാന്തരത്തിനും മനഃസാക്ഷി രൂപവത്ക്കരണത്തിനുമുള്ള ഒരു വിളിയാണ്.

വ്യാഖ്യാനത്തിന്റെ ഈ മൂന്നു ഘടകങ്ങളോടൊപ്പം നാലാമതൊരു ഘടകംകൂടി ചേർക്കാനാഗ്രഹിക്കുന്നു. വി.ഗ്രന്ഥവ്യാഖ്യാനം നമ്മെ പ്രാർത്ഥനയിലേക്കും പ്രവൃത്തിയിലേക്കും നയിക്കണം. വി. അഗസ്തീനോസിന്റെ വാക്കുകളനുസരിച്ച് 'ഏതൊരുവൻ വി. ഗ്രന്ഥങ്ങളോ അവയുടെ ഏതെങ്കിലും ഭാഗമോ മനസ്സിലാക്കുന്നുവെന്ന് ചിന്തിക്കുകയും എന്നാൽ ദൈവത്തോടും സഹോദരനോടുമുള്ള ബഹുമുഖ സ്നേഹത്തെ പടുത്തുയർത്തുന്നതിലേക്ക് നയിക്കാതെ അതിനെ വ്യാഖ്യാനിക്കുകയും ചെയ്താൽ അവയെ അവൻ മനസ്സിലാക്കേണ്ടവിധം ഗ്രഹിക്കുന്നില്ല.' ദൈവവചനം വെറുതെ വായിക്കാനോ സംസാരിക്കാനോ മാത്രമുള്ളതല്ല. മറിച്ച് പ്രവർത്തിക്കാനുള്ള ക്ഷണവും (ലൂക്ക 8:21) അടങ്ങിയതാണ്. വചനവായന നവജീവിതം സ്വീകരിക്കാൻ വിശ്വാസികളെ പ്രാപ്തമാക്കണം. പ്രായോഗിക തീരുമാനമെടുക്കാൻ കരുത്തുള്ളവരാക്കണം. ശ്രവിക്കപ്പെട്ട വചനം ഹൃദയത്തിലെത്തുകയും മാനസാന്തരം ഉളവാക്കുകയും ജീവിതത്തിന്റെ നിയമമായിത്തീരുകയും ചെയ്തില്ലെങ്കിൽ അത് സ്വീകരിക്കപ്പെട്ടിട്ടില്ല. എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും.എന്നാണ് യേശു അരുളിച്ചെയ്യുന്നത്. കൂടാതെ വി. ഗ്രന്ഥത്തിലൂടെ





നമ്മോടു സംസാരിക്കുന്ന ക്രിസ്തുവിനുള്ള പ്രത്യുത്തരമായി അത് നമ്മെ പ്രാർത്ഥനയിലേക്കും നയിക്കണം.

ബൈബിൾ വായിക്കുന്നതിനും അത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും വിവിധ രീതികൾ കേരള സഭസംവിധാനം ചെയ്തിട്ടു ണ്ട്. പി.ഒ.സി. കേന്ദ്രമായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസുമായോ രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായോ ബന്ധപ്പെട്ട് ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും നമ്മുടെ കാലഘട്ടത്തിൽ ആശയവിനിമയ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ദൈവം ഉദ്ദേശിക്കുന്ന രീതിയിൽ ദൈവവചനം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കണമെങ്കിൽ ഈ പുതിയ വാർത്താവിനിമയ സാങ്കേതികവിദ്യയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ അവഗണിക്കാൻ നമുക്ക് കഴിയുകയില്ല. ദൈവവചനത്തിന് ഇത് തുറക്കുന്ന സാധ്യതകൾ അനന്തമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ദൈവവചനം മലയാളത്തിൽ വായിക്കുന്നത് എളുപ്പത്തിൽ ലഭ്യമാക്കാൻ www.pocbible.com എന്ന പേരിൽ ഒരു വെബ്സൈറ്റ് ഉണ്ടെന്ന കാര്യം അറിയിക്കട്ടെ. ദൈവവചനം വീട്ടിലിരുന്ന് പഠിക്കുന്നതിന് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ വർഷങ്ങളായി നടക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ബനഡിക്ട് 16 – ാമൻ മാർപാപ്പാ വി. ഗ്രന്ഥപഠനത്തിന് ഊന്നൽ നൽകി അവതരിപ്പിക്കുന്ന ഫലപ്രദമായ ഒരു രീതിയാണ് ദിവ്യവായനയെന്ന് തർജ്ജമ ചെയ്യാവുന്ന Lectio Divina. വി. ഗ്രന്ഥത്തിന്റെ വായനയിലേക്കും, വ്യാഖ്യാനത്തിലേക്കും സന്ദേശങ്ങൾ പ്രവർത്തിപഥത്തിലേക്കും പ്രാർത്ഥനയിലേക്കും നയിക്കുന്ന 'ദിവ്യവായന'യെ പരിചയപ്പെടുത്തുന്ന, ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'ദൈവവചനവും ദിവ്യവായനയും' എന്ന പുസ്തകത്തിലേക്കും നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

ബൈബിൾ വാരത്തിൽ നമ്മുടെ ദേവാലയങ്ങളിലും കുടുംബങ്ങളിലും ഉപയോഗിക്കേണ്ട വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയ ലഘുലേഖ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രങ്ങളിൽനിന്ന് അവ ലഭ്യമാണ്. ബൈബിൾ വാരത്തിലെ എല്ലാ ദിവസവും ദേവാലയങ്ങളിൽ ദിവ്യബലിയർപ്പണത്തിനുശേഷം വിശ്വാസികൾചേർന്നും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങളൊന്നിച്ചും ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും അവ ഉപയോഗിക്കണം. ബൈബിൾ

ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുംവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളസഭയിലെ അല്മായ പങ്കാളിത്തത്തോടെയുള്ള ബൈബിൾ പ്രഘോഷണ പ്രചരണ വേദിയായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ കഴിയുന്നിടത്തോളം പേർ അംഗത്വമെടുക്കണം. ‘ഓരോ ഭവനത്തിനും ഒരു ബൈബിൾ’എന്ന പദ്ധതിപ്രകാരം കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 22 ലക്ഷം രൂപ കഴിഞ്ഞ ദൈവവചനവർഷത്തിൽ ബൈബിൾ സബ്സിഡി നൽകുവാനായി ചെലവഴിച്ചു. 3, 85000 പേർ പങ്കെടുത്ത ലോഗോസ് ക്വിസ്, ബൈബിൾ വിതരണം, ബൈബിൾ പഠനപുസ്തകങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയ്ക്കും നേതൃത്വം നൽകുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയ്ക്കും തുടർന്നും കൂടുതൽ സജീവത്വത്തോടുകൂടി പ്രവർത്തിക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സംഭാവനകളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗത്വഫീസും ‘സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം - 682025’ എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്. കഴിഞ്ഞ സാമ്പത്തികവർഷം ഏറ്റവും കൂടുതൽ തുക ബൈബിൾ സൊസൈറ്റിക്കായി സംഘടിപ്പിച്ചു നൽകി ബിഷപ്പ് മാർ ജോസഫ് പള്ളിയ്ക്കാപറമ്പിൽ അവാർഡിന് അർഹമായത് മാവേലിക്കര രൂപതയാണെന്ന കാര്യവും അറിയിക്കട്ടെ.

ഈ വർഷത്തെ ബൈബിൾ ഞായർ ആചരണം കേരളസഭയ്ക്ക് ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ പുരോഹിതരിലൂടെ ദൈവവചനത്തിന്റെ വിവിധ മാനങ്ങൾ കണ്ടെത്തുന്നതിനുമുള്ള അവസരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ‘ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ’ (കൊളോ 3:16) യെന്ന് ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ





# From the Bishop’s Office

**പ്രാർത്ഥനയിൽ സ്മരിക്കാൻ**

ഫാ. സെബാസ്റ്റ്യൻ തയ്യിൽ മരണ വാർഷികം ജൂൺ 29.

**വൈദിക വർഷം**

ബനഡിക്ട് 16-ാമൻ മാർപ്പാപ്പ 19 ജൂൺ 2009 - തിരുഹൃദയനാൾ തുടങ്ങി 19 ജൂൺ 2010 വരെ വൈദിക വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ മരണത്തിന്റെ 150-ാം വാർഷികം പ്രമാണിച്ചാണിത്. വൈദിക വർഷത്തിന്റെ ആദർശവാക്യം: “ഈശോ മിശിഹായുടെ വിശ്വസ്ത, വൈദികരുടെ വിശ്വസ്ത” (The Faithfulness of Christ, The faithfulness of priests) എന്നതാണ്. രൂപതയിലെ വൈദിക വർഷപ്രഖ്യാപനം ജൂൺ 19ന് രൂപതാ കാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തോടൊപ്പം നടത്തപ്പെടുന്നു. എല്ലാ വൈദികരും സംബന്ധിക്കണം.

**ബൈബിൾ ഞായർ**

ജൂൺ മാസം 15 മുതൽ 20 വരെ ബൈബിൾ വാരമായും 21-ാം തിയ്യതി ബൈബിൾ ഞായറായും സഭ ആചരിക്കുന്നു. അന്നേ ദിവസം വിശുദ്ധ കുർബ്ബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**വൈദികരുടെ മാസ ധ്യാനം**

ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം ജൂൺ 19ന് രൂപതാ കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**പത്രോസിന്റെ കാശ്**

മാർപ്പാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 21-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ

ഏൽപ്പിക്കേണ്ടതാണ്.

**സീറോ മലബാർ സഭാദിനം**

ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്രകാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**സ്വാഗതം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുവാനായി വന്നിരിക്കുന്ന ഫാ. ജോൺസൺ കുപ്പയിൽ MST, ഫാ. പോൾസൺ പുത്തൻപുരയിൽ OFM Conv. എന്നിവർക്ക് രൂപതയിലേക്ക് സ്വാഗതം.

**നിത്യാരാധനാ കപ്പേള**

വടക്കഞ്ചേരി ലൂർദ്മാതാ ഫൊറോന പള്ളിയുടെ സമീപത്ത് ആരംഭിച്ചിരിക്കുന്ന നിത്യാരാധനാ കപ്പേളയിൽ ആരാധനക്ക് സൗകര്യമുണ്ടായിരിക്കും.

**ചരിത്രപുസ്തകം**

രൂപതയുടെ ചരിത്രപുസ്തകം പുതുക്കുന്നതിന്റെ ഭാഗമായി ഇടവകകളിൽ നിന്ന് പൂരിപ്പിച്ചുതരുവാനായി നൽകിയിരിക്കുന്ന ഫോറം ജൂൺമാസം 20ന് മുമ്പായി തിരിച്ചയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 7-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധനദിനമായി ആചരിക്കുമല്ലോ.





## APPOINTMENTS OF PRIESTS:

1. Fr. John Kuppayil MST, Asst.Lourde Matha Forane Church, Gandhipuram, w.e.f. 25-05-2009
2. Fr. Paulson Puthenpurayil OFM Conv. , Asst. Lourde Matha Forane Church, Vadakkencherry w.e.f. 25.05.2009.
3. Fr. Joby Kunnathettu, Chaplain, Assumption Convent, Kanjirapuzha, w.e.f. 15.06.2009.
4. Fr. Jacob Mavunkal, Director, *Social Action & Save A Family Plan*, Contact Person, *Caritas India.* Relieved of the office of Director, Christopher ITC, Dhoni. w.e.f. 15.06.2009.
5. Fr. Abraham Palathinkal, relieved of the office of Director, *Social Action*, *Save A Family Plan*, & Contact Person, *Caritas India* w.e.f. 15.06.2009 and granted leave for two months from June 15, 2009.
6. Fr. Martin Kalampadan, Priest in charge, St. Thomas Acquinas Church, Akathethara w.e.f. 15.06.2009.
7. Fr. Tony Kozhippadan, Vicar, Vimalahridhaya Church, Kodunthirapully, Asst. Director, Social Action w.e.f. 15.06.2009.
8. Fr. Jose Prakash Thoonikavil, Vicar, St. James the Great Church, Director, Christopher ITC, and Chaplain, Amala Sadhan Convent, Dhoni , w.e.f. 15.06.2009.
9. Fr. Arun Kalamattathil, Vicar, St. Sebastian's Church, Akamalavaram and St. Joseph's Church, Anakallu, Chaplain, Holy Family Convent, Akamalavaram, w.e.f. 15.06.2009.

# Family Apostolate

## പ്രീകാന കോഴ്സ്

**ജൂൺ 1, 2, 3, 4 ജൂലായ് 6, 7, 8, 9**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

## കുടുംബനവീകരണ സെമിനാർ

കുടുംബങ്ങളാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ഇന്നു കുടുംബങ്ങൾ വളരെയധികം വെല്ലുവിളികൾ നേരിടുന്നു. ഇടവകയിലെ ചില കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപറ്റി നാം ബോധവാന്മാരാണ്. ഇവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നു നാം പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഇപ്പോഴിതാ ദൈവപരിപാലനയിൽ അവർക്കായി നമ്മുടെ രൂപതയിലെ യുവക്ഷേത്രയിൽ Family Apostolate അവസരങ്ങൾ ഒരുക്കുന്നു. 2009 ജൂൺ മുതൽ ഒന്നിടവിട്ട് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച 9 AM നു ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്കു അവസാനിക്കുന്ന ഒരു സെമിനാർ സജ്ജീകരിച്ചിരിക്കുന്നു.

വിവാഹം കഴിഞ്ഞ് 5 വർഷം തികഞ്ഞവരും 10 വർഷം തികയാത്തവരുമായ ദമ്പതികളെയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിക്ക് Rs. 50 മാത്രം റെജിസ്ട്രേഷൻ ഫീസായി സ്വീകരിക്കുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്തുണ്ടെങ്കിൽ ഫീസില്ലാതെ പങ്കെടുപ്പിക്കും. ഇവർക്ക് പ്രധാനമായും ചില ക്ലാസുകൾ, ചർച്ചകൾ, കൗൺലിങ്ങ്, ധ്യാനം എന്നിവയാണ് ഉദ്ദേശിക്കുന്നത്. രണ്ടു വയസിനു താഴെയുള്ള കുട്ടികളെയും കൊണ്ടുവരാവുന്നതാണ്. തിയതിയും മറ്റു വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

### തിയതികൾ

| | | |
|---|---|---|
| 2009 | June | 13-14 |
| 2009 | August | 8,9 |
| 2009 | Octoner | 10,11 |
| 2009 | December | 12,13 |
| 2010 | February | 13,14 |
| 2010 | April | 10,11 |

സമയം: ശനിയാഴ്ച 9AM നു 1 ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു. സ്ഥലം: യുവക്ഷേത്ര, മുണ്ടൂർ

വിശദവിവരങ്ങൾക്ക് :09600420750, 9633055073

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്.





# വിശ്വാസ പരിശീലനം

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 7-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രകാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസ പരിശീലന രംഗത്ത് പുതുതായി പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺ മാസം 12,13,14 വെള്ളി, ശനി, ഞായർ തിയതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് ക്ലാസുകൾ ക്രമീകരിച്ചരിക്കുന്നത്. എല്ലാവരും പാസ്റ്റർ സെന്ററിൽ താമസിച്ച് ബി ടി സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമെ ബി ടി സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളുവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി. സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നിർബന്ധമായ ഒരു അടിസ്ഥാന യോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി. ഫീസ്. 100 രൂപ.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "അനുരഞ്ജന കൂദാശ ജീവിത വിശുദ്ധീകരണത്തിന്" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ദൈവമക്കളുടെ ജീവിതത്തിന്റെ മഹത്ത്വത്തിന്റെയും അനുഗ്രഹങ്ങളുടെയും പുന:സ്ഥാപനം സാധിക്കാൻ ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയതിയും**

ജൂൺ 27 ശനി 9.30 AM to 4.00 PM.താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം)
ജൂൺ 27 ശനി 9.30 AM to 4.00 PM.വടക്കഞ്ചേരി ഫൊറോന(ചെറുപുഷ്പം സ്കൂൾ)
ജൂലൈ 11 ശനി 9.30 AM to 4.00 PM. കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ)
ജൂലൈ 11 ശനി 9.30 AM to 4.00 PM മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)
ജൂലൈ 21 ചൊവ്വ 9.30 AM to 4.00 PM മേലാർക്കോട് ഫൊറോന(നെന്മാറ പാരിഷ്ഹാൾ)
ജൂലൈ 21 ചൊവ്വ 9.30 AM to 4.00 PM പാലക്കാട് ഫൊറോന(പാസ്റ്റൽ സെന്റർ)
ആഗസ്റ്റ് 8 ശനി. 9.30 AM to 4.00 PM ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)

ആഗസ്റ്റ് 8 ശനി 9.30 AM to 4.00 PM ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)
ആഗസ്റ്റ് 13 വ്യാഴം 9.30 AM to 4.00 PM കോയമ്പത്തൂർ റീജിയൺ(രാമനാഥപുരം പാരിഷ് ഹാൾ)

**X,H.D.C സെമിനാറുകൾ**

X,I&II H.D.C ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അവരുടെ പഠനവിഷയങ്ങളെ ഉൾക്കൊള്ളിച്ചും വിശ്വാസ ജീവിതത്തിന്റെ പ്രായോഗിക വശങ്ങൾ കൂടുതൽ വ്യക്തമാക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെയും ഫൊറോനാ തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. കുട്ടികൾ തങ്ങളുടെ പഠനത്തിന്റെ പ്രധാന ഘട്ടമായ പത്താം ക്ലാസ് ഏറ്റവും നന്നായി പൂർത്തിയാക്കുന്നതിന് പ്രചോദനം നൽകുവാനും ഭാവി പഠനത്തിന് സഹായകമായ കരിയർ ഗൈഡൻസും ഉൾപ്പെടുത്തിയാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

എച്ച്.ഡി.സി ക്ലാസിലെ പഠനത്തിനുശേഷം വിശ്വാസ പരിശീലന രംഗത്തുനിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രയോഗികമാക്കണം എന്നതിനെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും അവബോധനവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി.കുർബാന അതതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 15 രൂപയാണ്.

**X,I&II.H.D.C സെമിനാർ നടക്കുന്ന സ്ഥലവും തീയതിയും**

ജൂലൈ 19 ഞായർ 9.30 AM to 4.00 PMമണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)
ആഗസ്റ്റ് 2 ഞായർ 9.30 AM to 4.00 PMകാഞ്ഞിരപ്പുഴ ഫൊറോന(ഫൊറോന പാരിഷ്ഹാൾ)
ആഗസ്റ്റ് 9 ഞായർ 9.30 AM to 4.00 PMപാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)
ആഗസ്റ്റ് 16 ഞായർ 9.30 AM to 4.00 PMഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)
ആഗസ്റ്റ് 23 ഞായർ 9.30 AM to 4.00 PMതാവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം)
ആഗസ്റ്റ് 30 ഞായർ 9.30 AM to 4.00 PM വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ)
സെപ്റ്റം. 6 ഞായർ 9.30 AM to 4.00 PM കോയമ്പത്തൂർ റീജിയൻ (രാമനാഥപുരം പാരിഷ്ഹാൾ)
സെപ്റ്റം. 13 ഞായർ 9.30 AM to 4.00 PM മേലാർക്കോട് ഫൊറോന (മംഗലംഡാംസ്കൂൾ)
സെപ്റ്റം. 20 ഞായർ 9.30 AM to 4.00 PM ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റിക്കിസം, ഡെയ്‌ലികാറ്റിക്കിസം, സൻമാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകവും മറ്റും വാങ്ങിയവർ ജൂൺ 30 നുള്ളിൽ കണക്കുകൾ തീർക്കുവാൻ താത്പര്യപ്പെടുന്നു. അവർക്ക് മാത്രമെ കൺസഷൻ ലഭിക്കുകയുള്ളു.





**ചെറുകഥാ മത്സരം കോയമ്പത്തൂർ ഫൊറോന**

കോയമ്പത്തൂർ റീജിയണിലെ മതബോധന വിദ്യാർത്ഥികളുടെ ചെറുകഥാമത്സരം ജൂലായ് 12 ഞായറാഴ്ച നടക്കുന്നു. മതബോധന വിഷയത്തോട് അനുബന്ധമായിട്ടായിരിക്കും മത്സര വിഷയം നൽകുക.

**സ്റ്റാറ്റിസ്റ്റിക്സ്& ന്യൂ ടീച്ചേഴ്സ് ഫോം**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് സർവ്വീസ് കാർഡ് ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാ ഫോമും മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം ജൂലൈ 19-ാം തിയതി ഞായറാഴ്ചയാണ്.

**ലോഗോസ്ക്വിസ്-2009**

5 മുതൽ II HDCവരെയുള്ള ക്ലാസുകളിൽ വിശ്വാസ പരിശീലനം നേടുന്ന എല്ലാ കുട്ടികളും മതാദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപ. കുട്ടികളുടെ ക്ലാസ്സുകൾ വ്യക്തമായും കൃത്യമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ് തലത്തിൽ സമ്മാനങ്ങൾ മതബോധന കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

ഫൊറോന ഡയറക്ടറായി വളരെ സ്തുത്യർഹമായ വിധത്തിൽ സേവനമനുഷ്ഠിച്ച ഫാ. ജോബികുന്നത്തേട്ടിനും(പാലക്കാട്), മതബോധനകേന്ദ്രത്തിൽ സേവനമനുഷ്ഠിച്ച് ബ്ര. ഷിന്റോ പൈബള്ളിയ്ക്കും ഹൃദ്യമായി നന്ദിപറയുന്നു.

പുതിയ ഫൊറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ബിജു പ്ലാത്തോട്ട (പാലക്കാട്) ത്തിനും മതബോധനകേന്ദ്രത്തിൽ പുതിയ റീജന്റായി കടന്ന് വന്നിരിക്കുന്ന ബ്ര.ജോയ്സ് പീടികയിയ്ക്കും സ്വാഗതവും എല്ലാവിധ പ്രാർത്ഥനാംശസകളും നേരുന്നു.

**രൂപത മതബോധന കൗൺസിൽ മീറ്റിംഗ്**

മതബോധന കൗൺസിൽ മീറ്റിംഗ് മെയ് 2-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനയിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അദ്ധ്യയന വർഷത്തെ പ്രവർത്തന പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. മതബോധന വിഷയം, മതാദ്ധ്യാപക, X & HDC സെമിനാറുകളുടെ വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു തീരുമാനിച്ചു. കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ രൂപതാ കൗൺസിൽ അംഗങ്ങൾക്കും നന്ദി.

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാൻമാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാന

ത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.
ജൂൺ 27 ശനി 10.00 AM to 4.00 PM പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ)
ജൂലൈ 4 ശനി 10.00 AM to 4.00 PM വടക്കുഞ്ചേരി മേഖല(ചെറുപുഷ്പം സ്കൂൾ)
ജൂലൈ 4 ശനി 10.00 AM to 4.00 PM താവളം മേഖല(കൂക്കം പാളയം സ്കൂൾ)
ആഗസ്റ്റ് 8 ശനി 10.00 AM to 4.00 PM മണ്ണാർക്കാട് മേഖല (മണ്ണാർക്കാട് ഫൊറോന പാരിഷ്ഹാൾ)

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & കർമ്മപദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2009-2010 അദ്ധ്യയന വർഷത്തിലെ സ്കൂൾ തല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതി ജൂൺ 30 തിയതിക്കുള്ളിൽ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പുസ്തക പരിചയപ്പെടുത്തൽ സെമിനാർ**

V,VI,VII ക്ലാസ്സുകളിൽ റെഗുലർ സ്കൂളിൽ പുതിയ വേദ പാഠം പുസ്തകം എടുക്കുന്ന അധ്യാപകർക്ക് ജൂലൈ 17 വെള്ളിയാഴ്ച നടത്താനിരുന്ന ഏകദിന സെമിനാർ ഉണ്ടായിരിക്കുന്നതല്ല.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടേയും പ്രധാന അദ്ധ്യാപകരുടേയും മീറ്റിംഗ് മെയ് 1-ാം തിയതി വെള്ളിയാഴ്ച 10 -Am to1.00 pm വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മ പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു.

## SUNDAY SCHOOL SCHOLARSHIP EXAM RESULTS 2008-2009

**Class IV**

| | | |
|---|---|---|
| 1 Akshay.p.Joseph | : | Chittoor (Attapady) |
| II Anjali Nebu | : | Sreekrishnapuram |
| IIMaria James | : | Chittadi |
| III Albin Joby | : | Shoranur |

**Forana Level**

| | | |
|---|---|---|
| Kanjirapuzha Forane | : | Austine sanesh ponnamkode |
| Melarkode Forane | : | Jisna M.S Nemmara |
| Mannarkad Forane | : | Akhila Nebu Sreekrishnapuram |
| Olavakkod Forane | : | Simishaji Dhoni |
| Ottapalam Forane | : | Aleena Benny Kadambazipuram |
| Palakkad Forane | : | Nidhi Therese-St Raphel's cathedral |
| Tharalam Forane | : | Reenat Roy Jellipara |
| Vadakkenchery Forane | : | Blessy Babu Panthalampadam |





**Class VII**

| | | |
|---|---|---|
| 1 Arlin Joy | : | Kanjirapuzha |
| I Jalin George | : | St.Raphel's Cathedral |
| IIAnaida Annjacob | : | Kodumthirapilly |
| III Amanta Benny | : | Ponnamkode |

**Forane Level**

| | | |
|---|---|---|
| Kanjirapuzha Forane | : | Jincy K.J, Irumpakachola |
| Mannarkkad Forane | : | Nimisha George, Mannarkkad |
| Melarcode Forane | : | Ajitt Antony, Mangalam Dam |
| Olavakode Forane | : | Tincy Tomy, Pulapatta |
| Palakkad Forane | : | Miffin Sunny, Chittur |
| Thavalam Forane | : | Jency.P.John, Karara |
| Vadakkenchery Forane | : | |

**Class X**

| | | |
|---|---|---|
| I Minu pious | : | Mangalam Dam |
| II Anoop cherian | : | Mannarkad |
| III Alexy maria | : | Kanjirapuzha |

**Forane level**

| | | |
|---|---|---|
| Kanirapuzha Forane | : | Chinju saju, chulliamkulam |
| Mannarkkad Forane | : | Tessy J.A Sreekrishnapuram |
| Melarkode Forane | : | Georgekutty mathew Mankurssi |
| Palakkad Forane | : | BiniJose St Raphel's cathedral |
| Vadakkenchery Forane | : | Anju George, Vachanagiri |

**II HDC**

| | | |
|---|---|---|
| I Anupama K. George | : | Kanjirapuzha |
| II Jessy George | : | Pombra |
| III Seena Mathew | : | Dhoni |

**FORANE LEVEL**

Kanijirapuzha Forane: Anju cherian kanjirapuzha
Mannarkkad Forane: Chithra Mary Paul Mannarkkad
Melarkode Forane: Misha Mathew Melarkode
Ottapalam Forane: Elezabeth Joseph Kadambazipuram
Plakkad Forane : Aancy Thobias Cathedral

**റോളിംഗ് ട്രോഫി ജേതാക്കൾ**

**സൺഡേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷ**

സെന്റ് തോമസ് സൺഡേസ്കൂ,ൾ കാഞ്ഞിരപ്പുഴ

**രചന,മത്സരങ്ങൾ**

ഹോളി സ്പിരിറ്റ് സൺഡേസ്കൂൾ, മണ്ണാർക്കാട്

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, മതബോധനം

# Bible Apostolate

**ലോഗോസ് ക്വിസ്സ്- 2009**

ദൈവവചന വർഷത്തിലെ ബൈബിൾ ക്വിസ്സ് മത്സരത്തിലേയ്ക്ക് ഏവർക്കും സ്വാഗതം...

**ലോഗോസ് ക്വിസ് 2009 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A B C D E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

**പങ്കെടുക്കുന്നവരുടെ പ്രായവിഭാഗങ്ങൾ**

A വിഭാഗം: 1-1-1998-ന് ശേഷം ജനിച്ചവർ.
B വിഭാഗം: 1-1-1993 നും31-12-1997 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1978 നും31-12-1992 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1- 1958-നും 31-12-1977 നും ഇടയ്ക്ക് ജനിച്ചവർ.
E വിഭാഗം: 31-12-1957ന് മുമ്പ് ജനിച്ചവർ.

രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയേയോ ഒരു കത്തോലിക്ക സ്ഥാപനത്തേയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതും അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2009 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2009 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പഠനഭാഗം ഉൽപ്പത്തി 27-50 വരെ അദ്ധ്യായങ്ങളും ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും. ഉപയോഗിക്കേണ്ട മലയാളം ബൈബിൾ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2009 ഒക്ടോബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയും സംസ്ഥാനതലത്തിൽ (ഓരോ രൂപതയിലും 5 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ ലഭിച്ചവർക്കുവേണ്ടി) പി.ഒ.സി. യിൽവെച്ച് 2009 നവംബർ 22 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയുമായിരിക്കും. നിരവധി സമ്മാനങ്ങൾ അഖിലകേരളതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും വാഗ്ദാനം ചെയ്യുന്നു. ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ





നൽകപ്പെടുന്നു. സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാവർക്കും (15 X 30 = 450) സമ്മാനങ്ങൾ ഉണ്ടായിരിക്കും.

**സമ്മാനങ്ങൾ അഖില കേരളതലത്തിൽ**

എല്ലാ വിഭാഗത്തിലും വച്ച് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വ്യക്തിക്ക്
തോമാ മല്പാൻ എൻഡോവ്മെന്റ്
10000/- രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ

**സമ്മാനങ്ങൾ രൂപതാതലത്തിൽ**

ഓരോ വിഭാഗത്തിലും പ്രത്യേകം

1-ാം സമ്മാനം 1000 രൂപയും, സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും, സർട്ടിഫിക്കറ്റും 7 പേർക്ക് വീതം

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80% ൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒക്ടോബർ 11-ാം തീയതി നടത്തുന്ന രൂപതാതല പരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , ബൈബിൾ അപ്പസ്തോലേറ്റ്

# സി.എം.എൽ

സംഘടനയുടെ പ്രവർത്തനങ്ങൾ നന്നായി നടത്തുന്നതിനും രൂപതാ സമിതിയോടുള്ള സഹകരണങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. തുടർന്നും സഹകരണം അഭ്യർത്ഥിക്കുന്നു.

**ദർശൻ 2009**

നമ്മുടെ ഈ വർഷത്തെ ജീവിതദർശന ക്യാമ്പ് ദർശൻ 2009 എന്ന പേരിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്ത ക്യാമ്പ് കെ.സി.വൈ.എം. രൂപതാ ജോയിന്റ് ഡയറക്ടർ റവ. ഫാ. ടോം വടക്കേക്കര ഉദ്ഘാടനം ചെയ്തു. ജീവിത വിജയം എങ്ങനെ കരസ്ഥമാക്കാം, സംഘടന, ജീവിത മൂല്യങ്ങൾ, ഈശോയോടൊത്ത് എങ്ങനെ ജീവിക്കാം, കൗമാര പ്രശ്നങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ബഹു. ഫാ. നിലേഷ്, ബഹു. ജോയി ചീക്കപ്പാറ, ബഹു. ഫാ. സജി വട്ടുകുളം, ആലുവായിൽ നിന്നുള്ള എസ്.ഡി. സിസ്റ്റേഴ്സ് എന്നിവർ ക്യാമ്പ് നയിച്ചു.

ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച രൂപതാ ഭാരവാഹികളായ ശ്രീ. ജോളി ജോസഫ്, ശ്രീ. സന്തോഷ് വള്ളോംകോട്ട്, ശ്രീ. ബിജുകടുകൻമാക്കൽ, ശ്രീ. ജെയ്സ് ജോൺ, ബഹു. സി. റിൻസി FCC, ബഹു. സി.ലില്ലി ആന്റോ CHF എന്നിവർക്കും മറ്റ് എല്ലാ രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾക്കും നന്ദിയും അറിയിക്കുന്നു.

പ്രവർത്തന വർഷാരംഭ പ്രവർത്തനങ്ങൾ

2009-10 പ്രവർത്തന വർഷം ജൂൺ 1ന് ആരംഭിക്കുന്നു. ശാഖയിൽ ചെയ്യേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1. ശാഖകളിൽ കൗൺസിൽ വിളിച്ചുചേർത്ത് 2008-09 പ്രവർത്തന വർഷത്തെ കണക്കും റിപ്പോർട്ടും അവതരിപ്പിക്കുക.
2. 2009-10 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുക.
3. പുതിയ പ്രവർത്തന വർഷത്തിൽ ശാഖയിൽ ചെയ്യാനാഗ്രഹിക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുക.
4. മാനുവൽ ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ച് മാനുവൽ ബുക്ക് പൂരിപ്പിക്കാൻ ആരംഭിക്കുക.
5. രൂപതാ ഭാരവാഹികളുടെ ശാഖാസന്ദർശനത്തിന് അവസരം ഒരുക്കുക.



Palakkad Rupatha Bulletin JUNE '09

തെരഞ്ഞെടുക്കുന്ന ദിവസം രൂപതാ നേതൃത്വത്തെ അറിയിക്കുകയും ചെയ്യുക.

6. രൂപതാ കൗൺസിലിൽ എല്ലാ ഭാരവാഹികളും പങ്കെടുക്കുക.
7. അംഗത്വ നവീകരണത്തിനും അംഗത്വ സ്വീകരണത്തിനുമുള്ളവരുടെ പേരുവിവരങ്ങൾ ശേഖരിക്കുക.
8. ശാഖാ പ്രവർത്തന റിപ്പോർട്ടിന്റെയും കണക്കിന്റെയും ഒരു കോപ്പി രൂപതാ സമിതിയെ ഏൽപ്പിക്കുക.
9. രൂപതാ വിഹിതം 100 രൂപയും അംഗത്വ നവീകരണത്തിന് 3 രൂപയും, അംഗത്വ സ്വീകരണത്തിന് 5 രൂപയും തന്നെയായിരിക്കും.
10. സംസ്ഥാന പ്രവർത്തന ഫണ്ടിലേക്ക് ഒരംഗം നൽകേണ്ട 1 രൂപ ജൂൺ മാസത്തിൽ തന്നെ ശേഖരിച്ച് രൂപതാസമിതിയെ ഏൽപ്പിക്കുവാൻ മറക്കരുതേ.

**രൂപതാ കൗൺസിൽ - മാർഗ്ഗരേഖ പ്രകാശനം**

ശാഖ, മേഖല, രൂപതാ ഭാരവാഹികൾ വർഷത്തിൽ ഒരിക്കൽ മാത്രം ഒരുമിച്ചു കൂടുന്ന നമ്മുടെ രൂപതാകൗൺസിൽ ഈ വർഷം ജൂലൈ 11-ാം തിയ്യതിയാണ്. സ്ഥലം പാസ്റ്ററൽ സെന്ററും സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30വരെയും ആയിരിക്കും. എല്ലാ ശാഖാ ഭാരവാഹികളും പങ്കെടുക്കുവാൻ ശ്രദ്ധിക്കണേ.

പുതിയ പ്രവർത്തന വർഷത്തിൽ നാം തയ്യാറാക്കുന്ന പരിപാടികളുടെ വിജയത്തിനായും എല്ലാ അംഗങ്ങളും പ്രാർത്ഥിക്കുമല്ലോ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി.എം.എൽ

# മാതൃസംഘം

**വിശ്വാസോത്സവ് 2009**

ഫെറോനകളിലെ വിശ്വാസാനുഭവസെമിനാറുകൾ ഫൊറോന നേതൃത്വം സംഘടിപ്പിക്കുമല്ലോ.

ജൂൺ മാസം: മണ്ണാർക്കാട് ഫൊറോന

ജൂലൈ മാസം: കാഞ്ഞിരപ്പുഴ ഫൊറോന

ബഹു. ഫൊറോന വികാരിമാരും ഫൊറോന കോ-ഓഡിനേററർ വൈദികരും വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**അർദ്ധവാർഷിക ജനറൽ ബോഡി**

2009 ജൂൺ 27 ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ മാതൃസംഘം രൂപതാ അർദ്ധവാർഷിക ജനറൽ ബോഡി സമ്മേളിക്കുന്നു. അതിനു മുന്നോടിയായി ഫൊറോന ജനറൽ ബോഡി മീറ്റിങ്ങുകൾ കൂടുമല്ലോ. രൂപതാ അർദ്ധവാർഷിക ജനറൽ ബോഡിയിൽ യൂണിറ്റുകളുടെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കണം. അതിനുള്ള സമയം മാറ്റി വച്ചിട്ടുള്ളതിനാൽ എല്ലാ യൂണിറ്റുകളും നിർബന്ധമായും റിപ്പോർട്ട് എഴുതി ഡയറക്ടറുടെ ഒപ്പോടുകൂടി കൊണ്ടുവരണം. യൂണിറ്റ് ഭാരവാഹികൾ, ആനിമേറ്ററന്മാർ, ഫൊറോന ഭാരവാഹികൾ, ആനിമേറ്റന്മാർ എന്നിവർ പങ്കെടുക്കണം. സെമിനാർ രജിസ്ട്രേഷൻ തുക 100 രൂപ മാത്രം. ബഹു യൂണിറ്റ്, ഫൊറോന ഡയറക്ടർ അച്ചന്മാരുടെ വിലയേറിയ സാന്നിദ്ധ്യവും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു.

**പഠനം**

- അമ്മമാർ വിശ്വാസത്തിന്റെ അനർഗ്ഗള നീർച്ചാലുകൾ
- അമ്മമാരിലൂടെ കൈമാറേണ്ട വിശ്വാസ പൈതൃകം ഇതിലെ മാർഗ്ഗ ഭ്രംശങ്ങൾ.
- സാവൂളിൽ നിന്ന് വി. പൗലോസിലേക്കുള്ള മാനസാന്തര ദൂരം

**എഫാത്ത**

എല്ലായൂണിറ്റുകളും അർദ്ധവാർഷിക ജനറൽബോഡിയിൽ സംബന്ധിച്ച് കൂപ്പണുകൾകൊണ്ടുപോകുകയും ഇടവകകളിൽ വിറ്റഴിക്കുകയും ചെയ്യുക. ഈ സംരംഭത്തിൽ ആത്മാർത്ഥമായി പങ്കു ചേരുക.
ഇനിയും സമ്മാനങ്ങൾ നൽകാത്ത യൂണിറ്റുകൾ എത്രയും വേഗം അതു അറിയിക്കുമല്ലോ.

**യുവ ജനവർഷം& പൗരോഹിത്യ വർഷം**

പാലക്കാട് രൂപത യുവജനവർഷമായും സാർവത്രിക സഭ പൗരോഹിത്യ വർഷമായും പ്രഖ്യാപിച്ചിരിക്കുന്നു. 2009 ജൂൺ 19 ന് പൗരോഹിത്യ വർഷത്തിന്റെ ആരംഭവും 2009 ജൂലൈ 5ന് യുവജനവർഷ ആരംഭവും സംയുക്തമായി നമ്മുടെ രൂപതയിൽ ആചരിക്കുന്നു. വിശ്വാസദൃഢപ്പെടുത്തലിലൂടെ മാത്രമേ യുവജനങ്ങളും വൈദികരും സന്യസ്തരും വിശുദ്ധീകരിക്കപ്പെടുകയുള്ളു. വിശ്വാസ വെല്ലുവിളികൾ നമ്മുടെ ചിന്തയ്ക്ക്, പഠനത്തിന് വിഷയമാകണം.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം





# കെ.സി.വൈ.എം.

**കുടുക്ക**

മെയ് 8,9 തിയ്യതികളിലായി ധോണി സ്റ്റാർട്ടിൽ വെച്ച് കുട്ടികൾക്കായി കഥ, കവിത ചിത്രരചനാ, ശിൽപ്പശാല നടന്നു. 30ഓളം കുട്ടികൾ പങ്കെടുത്ത പരിശീലന കളരിയിൽ, സ്വന്തം സർഗ്ഗവാസനകൾക്ക് പുത്തൻ രൂപവും ഭാവവും നൽകി മോടിപിടിപ്പിക്കാൻ ക്യാമ്പ് അംഗങ്ങൾക്കായി, ക്യാമ്പിൽ കുട്ടികൾ തന്നെ ചിട്ടപ്പെടുത്തിയ പ്രത്യേക പതിപ്പിന്റെ പ്രകാശനവും സമാപന സന്ദേശവും കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ നിർവ്വഹിച്ചു.

**സിംപോസിയം**

മെയ് 24ന് കെ. സി. വൈ.എം. പാലക്കാട് രൂപതയും കടമ്പൂർ സെന്റ് ഫ്രാൻസിസ് അസീസി യൂണിറ്റും സംയുക്തമായി നിയമ പരിഷ്ക്കരണ ബില്ലിനെ സംബന്ധിക്കുന്ന സിംപോസിയം സംഘടിപ്പിച്ചു. റവ. ഫാ. ജോസഫ് കോട്ടയിൽ, അഡ്വ. ബിജു കുണ്ടുകുളം എന്നിവർ നയിച്ച ക്ലാസ്സിലും ചർച്ചയിലും 400 പേർ സന്നിഹിതരായിരുന്നു. കടമ്പൂർ യൂണിറ്റ് ഡയറക്ടറായ ഫാ. ജെയ്ജിൻ വെള്ളിയാംകണ്ടത്തിലിനെയും ഇടവകക്കാരെയും രൂപതാസമിതി നന്ദിയോടെ സ്മരിക്കുന്നു.

**മെത്തനോയിയ**

യുവജനങ്ങളുടെ ആത്മീയ ഉണർവ്വിനുതകുന്നതിനായി ഒരുക്കിയിരിക്കുന്ന ഫൊറോന ധ്യാനങ്ങൾ, ഒറ്റപ്പാലം ഫൊറോനയിൽ കേരളശ്ശേരി യൂണിറ്റിൽ വെച്ചും വടക്കഞ്ചേരി ഫൊറോനയുടേത് ലൂർദ്ദ്മാതാ പാരിഷ് ഹാളിലും ജൂൺ 13ന് നടക്കുന്നു. മറ്റ് ഫൊറോനകളിൽ ജൂൺ, ജൂലായ് മാസങ്ങളിൽ തന്നെ ഇത്തരത്തിൽ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**വി. തോമസ് മൂർ ദിനം**

കെ. സി.വൈ.എമ്മിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ അനുസ്മരണദിനമായ ജൂൺ 21ന് യൂണിറ്റുകളിൽ ബൈബിൾ റാലിയും, പ്രത്യേക പ്രാർത്ഥനകളുമായി സമുചിതമായി ആചരിക്കുമല്ലോ.

**സ്വാഗതം**

സംഘടനയിലേക്ക് ഈ പ്രവർത്തന വർഷം ഒപ്പമുണ്ടാകാൻ എത്തുന്ന ബ്ര. ഷിന്റോ പയ്യനാംപള്ളിക്ക് സ്നേഹ സ്വാഗതം.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# തിരുബാലസഖ്യം

**പ്രവർത്തന വർഷാരംഭം**

തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ജൂൺ 1-ാം തീയതി മുതൽ ആരംഭിച്ചു കഴിഞ്ഞു. തിരുബാലസഖ്യത്തിലേയ്ക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും രൂപതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ അത് പുതുക്കുവാനും പ്രധാനാദ്ധ്യപകരും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**രജിസ്ട്രേഷൻ**

എല്ലാ യൂണിറ്റുകളും രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നിശ്ചിത ഫീസോടുകൂടി (പുതിയ അംഗങ്ങൾക്ക് 2 രൂപയും പഴയ അംഗങ്ങൾക്ക് 1 രൂപയും) ജൂൺ 30-ാം തീയതിക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 20 ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 മണി വരെ നടത്തപ്പെടുന്ന ക്യാമ്പിൽ രൂപതയിലെ എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സും ലീഡേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# K.C.S.L

പുതിയ അദ്ധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ കൂട്ടുകാർക്കും ആശംസകളും പ്രാർത്ഥനയും നേരുന്നു.

**സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്**

ഏപ്രിൽ 18 മുതൽ 22 വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽവച്ചു നടന്ന സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ രൂപതയിൽ നിന്നും 4 വിദ്യാർത്ഥി ഭാരവാഹികൾ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത ഭാരവാഹികൾക്ക് പുത്തൻ ചൈതന്യത്തിൽ പ്രവർത്തിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. Best camp girl ആയി തിരഞ്ഞെടുക്കപ്പെട്ട ബിൻസി ബേബിക്ക് (ചെറുപുഷ്പം, വടക്കുഞ്ചേരി) അഭിനന്ദനങ്ങൾ നേരുന്നു.





**സ്പെഷൽ സെൻട്രൽ കൗൺസിൽ**

മെയ് 9 ശനിയാഴ്ച എറണാകുളത്തുവച്ചു നടന്ന സെപ്ഷ്യൽ സെൻട്രൽ കൗൺസിലിൽ പ്രസിഡന്റ് ശ്രീ. കെ ടി. ജോസഫ് സംബന്ധിച്ചു.

**ആനിമേറ്റേഴ്സ് കോൺഫ്രൻസ്**

സംസ്ഥാന തലത്തിലുളള ആനിമേറ്റേഴ്സ് കോൺഫ്രൻസ് ജൂൺ 12,13 (വെള്ളി, ശനി) തിയ്യതികളിൽ പി.ഒ.സി.യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും ഈ കോൺഫ്രൻസിൽ പങ്കെടുക്കുമല്ലോ.

**പ്രതിഭകളെ ആദരിക്കൽ**

കെ.സി.എസ്.എൽ. പ്രവർത്തനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി. ക്കും, പ്ലസ് ടുവിനും എല്ലാ വിഷയങ്ങൾക്കും എ+ (സി.ബി.എസ്.സി. സിലബസ് ആണെങ്കിൽ 90% ന് മുകളിൽ) കിട്ടിയ വിദ്യാർത്ഥികളെയും സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഏതെങ്കിലും ഇനങ്ങളിൽ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനങ്ങൾ നേടിയവരെയും പ്രത്യേകമായി ആദരിക്കുന്നതാണ്. ഇത്തരുണത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ ജൂൺ 25 ന് മുൻപ് സ്കൂൾ ആനിമേറ്റേഴ്സ് കെ.സി.എസ്.എൽ ഓഫീസിൽ രേഖാമൂലം എത്തിക്കേണ്ടതാണ്.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ കെ.സി.എസ്.എൽ

# അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താരസംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതലാണ് ആരംഭിക്കുന്നത്. അൾത്താരസംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30 ആണ്.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റിംഗ്**

അൾത്താരസംഘം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 20-ാം തിയ്യതി രാവിലെ 9.30 മുതൽ 4.00മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാവരും സംബന്ധിക്കുക.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , അൾത്താരസംഘം

# നവീകരണ മുന്നേറ്റം

മെയ് 5-ാം തിയതി ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിലിന്റെ നേതൃത്വത്തിൽ കൂടിയ പി.എസ്.ടി യിൽ എല്ലാ സബ് സോണുകളും പുന:സംഘടന ചെയ്യാൻ തീരുമാനിച്ചു.

സോണിലെ നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ലീഡേഴ്സിനും വേണ്ടി പ്രത്യേക കൂട്ടായ്മ മാസത്തിലെ അവസാന വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ നടത്തുന്നു. വചന പ്രഘോഷണം, ഷെയറിംഗ് തുടങ്ങിയ ശുശ്രൂഷകൾ ഉണ്ടായിരിക്കും.

മെയ് 20-ാം തിയതി മുതൽ പാസ്റ്ററൽ സെന്ററിൽ പി.എസ്.ടി യുടെ നേതൃത്വത്തിൽ പന്തക്കുസ്താ തിരുനാളിനൊരുക്കമായ നൊവേന ആരംഭിയ്ക്കുകയും 29-ാം തിയതി പന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയും ചെയ്തു.

ജൂൺ 26 വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണി വരെ പാലക്കാട് കത്തീഡ്രലിൽ ജാഗരണ പ്രാർത്ഥന നടത്തുന്നു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# സി എൽ സി.

**ആനിമേറ്റേഴ്സ്& എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ-13**

പാലക്കാട് രൂപത സി.എൽ.സിയുടെ 2009-2010 പ്രവർത്തനവർഷം ആരംഭിക്കുകയാണ്. പ.കന്യകാമറിയത്തോടൊപ്പം ക്രിസ്തുവിലേയ്ക്ക് നമുക്ക് ചുവടുവയ്ക്കാം. പുതുവർഷം ശക്തിപ്പെടുത്തുവാനായ് ജൂൺ 13 ശനിയാഴ്ച 10 മുതൽ 1 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന മീറ്റിംഗിലേക്ക് എല്ലാ മേഖല ഡയറക്ടർമാരേയും യൂണിറ്റ് ആനിമേറ്റർമാരേയും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളേയും ക്ഷണിക്കുന്നു. നിർബന്ധമായും എല്ലാവരും പങ്കെടുക്കേണ്ടതാണ്.





**യൂണിറ്റ് ഇലക്ഷൻ & രജിസ്ട്രേഷൻ**

ജൂൺ മാസത്തിൽ എല്ലാ യൂണിറ്റുകളിലും ഇലക്ഷൻ നടത്തി, പുതിയ ഭാരാവഹികളുടെ ലിസ്റ്റിനോടൊപ്പം യൂണിറ്റിലെ എല്ലാ അംഗങ്ങളുടേയും പേരുവിവരങ്ങൾ ഉൾകൊള്ളിച്ച് രൂപത കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫോം. പൂരിപ്പിച്ച് ജൂൺ 30 ന് മുമ്പായ് 100 രൂപ റെജിസ്ട്രേഷൻ ഫീസോടുകൂടി സി.എൽ.സി രൂപത കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**കർമ്മ പദ്ധതി പ്രവേശനവും ഏകദിന സെമിനാറും ജൂലായ് 11**

കർമ്മധീരരായ് യൂണിറ്റിലും രൂപതയിലും പ്രവർത്തിക്കാൻ ക്രിസ്തുവിന്റെ പ്രകാശം ഉൾക്കൊണ്ട് അനേകരെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻ നമുക്ക് കർമ്മ വീഥിയിലേക്കിറക്കം.

സ്ഥലം: പാലക്കാട് പാസ്റ്ററൽ സെന്റർ

തിയതി: ജൂലൈ 11 ശനി

സമയം: രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

പങ്കെടുക്കേണ്ടവർ യൂണിറ്റ് ഭാരവാഹികൾ ഉൾപ്പെടെ 10 പേർ ആനിമേറ്റർമാർ, ഡയറക്ടർമാർ.

റജി. ഫീസ് : യൂണിറ്റൊന്നിന് 150 രൂപ

**വാർഷിക സെനറ്റ് നടത്തി**

മെയ് 9 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത സി.എൽ.സി വാർഷിക സെനറ്റ് നടത്തപ്പെട്ടു. വിവിധ യൂണിറ്റുകൾ സെമിനാറിൽ പങ്കെടുത്ത് യൂണിറ്റ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

രൂപത സെക്രട്ടറി ഉണ്ണിജോസഫ് രൂപത സി എൽ സി വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ട്രഷറൽ സ്റ്റെജിവർഗ്ഗീസ് വാർഷിക കണക്ക് അവതരിപ്പിക്കുകയും ചെയ്ത മീറ്റിംഗിൽ രൂപത പ്രസിഡന്റ് ഡാനി കുര്യക്കോട് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ പുതിയ പ്രവർത്തന വർഷത്തെക്കുറിച്ച് ചർച്ച നടത്തി കർമ്മപദ്ധതിക്ക് ഏകദേശ രൂപം നൽകി.

പ്രാർത്ഥന- വിദ്യാർത്ഥികളുടെ വിശ്വാസ വളർച്ചക്കായ് പ്രവർത്തിക്കുക

പഠനം- ഏതെങ്കിലും ഒരു വിശുദ്ധന്റെ ജീവചരിത്രം വായിച്ച് കുറിപ്പ് എഴുതുക.

പ്രവർത്തനം- പാവപ്പെട്ട വിദ്യാർത്ഥികൾക്കായ് പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനംനയിക്കുന്നത്** |
|---|---|---|
| ജൂൺ | 7-12 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ജൂൺ | 14-19 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ജൂൺ 28 | ജൂലൈ 3 | സെഹിയോൻ ശുശ്രൂഷകരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

ജൂൺ 7 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജൂൺ 20 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെ ഏകദിന കൺവെൻഷൻ.

ജൂൺ 21 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.





# Jesus Fraternity

ജീസസ് ഫ്രട്ടേണിറ്റിയുടെ 15-ാമത് സംസ്ഥാന സമ്മേളനം കോഴിക്കോട് പി.എം.ഒ.സിയിൽ വെച്ച് 2009 ഏപ്രിൽ 21, 22, 23 തിയ്യതികളിലായി നടത്തപ്പെട്ടു. പാലക്കാട് സോണിൽ നിന്ന് മാർട്ടിൻ തട്ടിലച്ചന്റെ നേതൃത്വത്തിൽ 7 വിവിധ സന്യാസ സഭകളിൽ നിന്നായി 12 സിസ്റ്റേഴ്സ് ഈ സമ്മേളനത്തിൽ പങ്കെടുത്തു.

"തടവറ ദൈവാലയമാക്കുവാൻ" എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ മുദ്രാവാക്യം. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. ഭാവി പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ തയ്യാറാക്കി.

യേശുവിന്റെ മുഖഛായ സ്വന്തമാക്കി ശുശ്രൂഷയിൽ പങ്കുകാരാകാൻ മോൺസിഞ്ഞോർ റാഫേൽ തട്ടിൽ ഉദ്ബോധിപ്പിച്ചിരുന്നു. സമാപന സമ്മേളനത്തിന് മുമ്പ് നടന്ന തുറന്ന ചർച്ച പലരുടേയും സംശയങ്ങളും ആശങ്കകളും ദൂരികരിക്കാൻ സഹായകമായി.

16-ാമത് സംസ്ഥാന സമ്മേളനം ഇരിങ്ങാലക്കുടയിൽ വെച്ച് നടത്താമെന്ന് തീരുമാനിച്ചു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**നിത്യാരാധന കപ്പേള**

ജൂലൈ 3 ദുക്റാന തിരുന്നാളായതിനാൽ അന്നേദിവസം പാലക്കാട് നിത്യാരാധനാ കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 ജൂൺ 7 മുതൽ 12 വരെ, 21 മുതൽ 26 വരെ.

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# പി.എസ്.എസ്.പി.

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, സിസ്റ്റേഴ്സ്, പി.എസ്.എസ്.പി ജനറൽ ബോഡി അംഗങ്ങളെ, മഹിളാസമാജം, അയൽക്കൂട്ടം, കർഷകസംഘം അംഗങ്ങളെ,

പാലക്കാട് രൂപതയുടെ ഔദ്യോഗിക സാമൂഹ്യ പ്രവർത്തന പ്രസ്ഥാനമായ പി.എസ്.എസ്.പി യുടെ സെക്രട്ടറി എന്ന നിലയിലും, രൂപതാ സോഷ്യൽ ആക്ഷൻ ഡയറക്ടർ എന്ന നിലയിലും 2002 ജനവരി 28 മുതൽ സേവനമനുഷ്ഠിക്കുവാൻ അഭിവന്ദ്യ പിതാവിലൂടെ ദൈവം കനിഞ്ഞ് നൽകിയ അവസരത്തേയും നിരന്തരമായി ലഭിച്ച ദൈവാനുഗ്രഹങ്ങളെയും നന്ദിയോടെ സ്മരിക്കുകയാണ്.

പി.എസ്.എസ്.പിയുടെ ബാനറിൽ രൂപതയുടെ സാങ്കേതിക പ്രതിബദ്ധത വിവിധമേഖലയിൽ പ്രസ്പഷ്ടമാക്കുവാനും കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിവേചിച്ചറിഞ്ഞ് അതനുസരിച്ച് പാവപ്പെട്ടവരോട് പക്ഷം ചേർന്ന് പ്രവർത്തിക്കുവാൻ കഴിവിന്റെ പരമാവധി പരിശ്രമിച്ചിട്ടുണ്ട് എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ കുറിപ്പെഴുതുന്നത്. പാവപ്പെട്ടവർ എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും. അവരെ തിരിച്ചറിയാനും, അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കാനും പി.എസ്.എസ് പിയുടെ കരങ്ങൾക്ക് ശക്തി നൽകിയ എല്ലാ അഭ്യുദയ കാംഷികളെയും നന്ദിയോടെ സ്മരിക്കുന്നു.

അഭിവന്ദ്യ പിതാവും, വികാരി ജനറാളന്മാരും വൈദീകരും, സന്ന്യാസിനി സന്ന്യാസികളും ഇടവക ജനങ്ങളും പി.എസ്.എസ്.പി സ്റ്റാഫും നൽകിയ നിർലോഭമായ പ്രോത്സാഹനങ്ങൾക്കും സഹകരണത്തിനും ആത്മാർത്ഥമായി നന്ദിയർപ്പിക്കുന്നു.

ജൂൺ 15 ന് രൂപതാ സോഷ്യൽ ആക്ഷൻ ഡയറക്ടറായി സേവനം ഏറ്റെടുക്കുന്ന ബഹുമാനപ്പെട്ട ജയ്ക്കബ് മാവുങ്കലച്ചനും അസിസ്റ്റന്റ് ഡയറക്ടറായി ചാർജ്ജെടുക്കുന്ന ടോണി കോഴിപ്പാടനച്ചനും എല്ലാവിധ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു. സ്നേഹാദരങ്ങളോടെ

ഫാ. അബ്രഹാം പാലത്തിങ്കൽ

To all the General Body Members

Dear Rev.Father

Greetings to you from peopls service society,palakkad!

We cordially invite you to the General Body Meeting of PSSP scheduled tot take place on 13 th June 2009 at 10.30 am at the Pastoral Centre, Palakkad Kindly make it convenient to be present.

Thanking you and looking forward to meeting uou.

Yours in Christ Jesus,

Fr Abraham Palathinkal, Secretary,PSSP





Main Agenda

1 Priesentation of the Annual Report

2 Presentation of the Statement pf Accounts

3 Appointment of the Auditor

4 Matters From the chair

**സേവ് എ ഫാമിലി സ്പോൺസർമാരുടെ ശ്രദ്ധയ്ക്ക്**

S.A.F.P ബെനിഫാക്ടേഴ്സിന് അയക്കേണ്ട കത്തുകൾ ഇനിയും നൽകാത്തവർ ജൂൺ 15 നു മുമ്പായി പി.എസ്.എസ്.പി ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.

ഏപ്രിൽ 2009 മുതൽ സേവ് എ ഫാമിലി ഗുണഭോക്താക്കൾക്ക് ഉള്ള മാസവരുമാനം 800 രൂപയായി ഉയർത്തിയിട്ടുണ്ട്. S.A.F.P ഗുണഭോക്താക്കളുടെ വ്യക്തിഗത ബുക്കിൽ ഏപ്രിൽ മാസം മുതൽ 800 രൂപ വരവു വയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

**എസ് എ എഫ് പി ഗുണബോക്താക്കൾ ഏപ്രിൽ മെയ് മാസങ്ങളിൽ ആരംഭിച്ച പദ്ധതികൾ**

| SLNO | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 1 | പശുവളർത്തൽ | 21 | 1,80,500 |
| 2 | ആടുവളർത്തൽ | 10 | 70,500 |
| 3 | കോഴിവളർത്തൽ | 4 | 20,500 |
| 4 | ഓട്ടോറിക്ഷ | 1 | 10,000 |
| 5 | കാർഷികം | 5 | 30,000 |
| 6 | മുയൽ വളർത്തൽ | 1 | 5000 |
| 7 | ടെയ്‌ലറിങ്ങ് | 3 | 26000 |
| 8 | ഫുഡ് പ്രൊസ്സസിങ്ങ് | 2 | 10,000 |
| 9 | പെട്ടിക്കട | 3 | 22000 |
| 10 | പച്ചക്കറികച്ചവടം | 3 | 10,000 |
| 11 | സ്പ്രേപെയ്ന്റിംങ്ങ് | 1 | 10,000 |
| 12 | വിദ്യാഭ്യാസം | 3 | 10,000 |
| 13 | ചികിത്സ | 1 | 5000 |
| | | 58 | 409500 |

**ഫെറോന സെമിനാർ**

പാലക്കാട്, ഒറ്റപ്പാലം,ഒലവക്കോട് ഫൊറോനകളിലെ എസ് എ എഫ് പി ഗുണഭോക്താക്കളുടെയും സ്പോൺമാരുടെയും സംയുക്ത സമ്മേളനം ജൂൺ 6-ാം തിയ്യതി ശനിയാഴ്ച 10.30 മുതൽ 1.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നതാണ്. പ്രസ്തുത സമ്മേളനങ്ങളിൽ മുകളിൽ കൊടുത്തിരിക്കുന്ന ഫൊറോനകളിലെ എല്ലാ എസ് എ എഫ് പി ഗുണഭോക്താക്കളും സ്പോൺസർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## HIV/AIDS Progrommes

CRS HIV/AIDS പദ്ധതിയുടെ ജൂൺ മാസത്തെ പ്രവർത്തന രൂപരേഖ

| SLNO | തിയതി | സ്ഥലം | പരിപാടി |
|---|---|---|---|
| 1 | 10/6/09 | പെരുമാട്ടി | ത്രൈമാസ അവലോകന യോഗം |
| 2 | 12/6/09 | പഞ്ചായത്ത് എച്ച്.എസ് കന്നമാരി പെരുമാട്ടി | എച്ച് ഐ വി ഏയ്ഡ്സ് ബോധവൽക്കരണസെമിനാർ |
| 3 | 17/6/09 | എരുത്തേമ്പതി | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 4 | 27/6/09 | പാസ്റ്ററൽ സെന്റർ | PLHASമാസ യോഗവും പോഷകാഹാര കിറ്റ് വിതരണവും |

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്

3-6-09 ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി യിൽ വച്ച് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8-6-09 | തിങ്കൾ | പാലക്കാട്/മലമ്പുഴ | ഇരുപ്പക്കാട് | 11 am |
| 10-6-09 | ബുധൻ | മണ്ണാർക്കാട് | കല്ലടിക്കോട് | 11 am |
| 10-6-09 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11 am |
| 11-6-09 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളികുന്ന് | 11 am |
| 11-6-09 | വ്യാഴം | ആലത്തൂർ | വടക്കുഞ്ചേരി FCC | 11 am |
| 12-6-09 | വെള്ളി | കുഴൽമന്ദം | കളമപ്പെട്ടി | 2 pm |

**റീജിയണൽ ഓഫീസ് ദിവസം**

| | | | |
|---|---|---|---|
| 16-6009 | ചൊവ്വ | സാൻജോ ടവ്വർ | 10 am to 2 Pm |
| 17-6-09 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11 am to 2 Pm |
| 18-6-09 | വ്യാഴം | കരിമ്പ | 11 am to 2 Pm |

പഞ്ചായത്തു തല മൈക്രോ പ്ലാനിംഗ്

| | | |
|---|---|---|
| 22.6.09 | തിങ്കൾ | പിരായിരി പഞ്ചായത്ത് |
| 26-6-09 | വെള്ളി | കാഞ്ഞിരപ്പുഴ പഞ്ചായത്ത് |
| 29-6-09 | തിങ്കൾ | പറളി പഞ്ചായത്ത് |

**മെഡിക്ലൈയിം**

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഒരു ആരോഗ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി നടപ്പാക്കിവരുന്നു.ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചിലവാകുന്ന സംഖ്യ തിരികെ ലഭിക്കുന്നതാണ് പദ്ധതി. അംഗമാകുന്നതിന് ഒരു വ്യക്തിക്ക് 300 രൂപയും 5 അംഗ കുടുംബത്തിന്450 രൂപയും 7 അംഗ കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വാർഷിക ആനുകൂല്യം 30000 രൂപ വരെയാണ് ലഭിക്കുക. ചേരാനാഗ്രഹി





ക്കുന്നവർ പി എസ് എസ് പി ഓഫീസുമായി ബന്ധപ്പെടുക.

**അയൽക്കൂട്ട ഗ്രേഡിംഗ്**

2009 ജൂൺ മാസത്തിൽ പി എസ് എസ് പി യുടെ എല്ലാ അയൽകൂട്ടങ്ങളുടേയും ഗ്രേഡിംഗ് നടത്തുന്നതാണ്.

**സാങ്കേതിക തൊഴിൽ പരിശീലനം ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിലുള്ള ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാടിന് 2009-2010 വർഷത്തിൽ താഴെപ്പറയുന്ന സാങ്കേതിക തൊഴിൽ പരിശീലന പരിപാടികൾ ജില്ലാതലത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിരിക്കുന്നു.

| ക്ര.ന. | കോഴ്സുകൾ | ബാച്ചുകൾ | പരിശീലനാർത്ഥികൾ |
|---|---|---|---|
| 1 | ടൈലറിംങ്ങ്* ഡ്രസ്സ്മെയ്ക്കിംഗ് | 20 | 400 |
| 2 | ഫാബ്രിക് പെയ്റ്റിംഗ് | 5 | 100 |
| 3 | കാറ്ററിംഗ് | 3 | 60 |
| 4 | പഴം പച്ചക്കറി സംസ്ക്കരണം | 3 | 60 |
| 5 | പാള പ്ലേറ്റ് കപ്പ് നിർമ്മാണം | 3 | 60 |
| 6 | ഫ്ളോറികൾച്ചർ | 7 | 140 |
| 7 | വാഴനാരുല്പ്പന്ന നിർമ്മാണം | 3 | 60 |
| 8 | കൂൺ കൃഷി, കൂൺ സംസ്ക്കരണം | 6 | 120 |
| 9 | ആനിമൽ ഹസ്ബണ്ടറി | 11 | 220 |
| 10 | കോഴി വളർത്തൽ | 10 | 200 |
| 11 | ബയോഫാമിംഗ് | 8 | 160 |
| 12 | കുട നിർമ്മാണം | 3 | 60 |
| 13 | സ്ക്രീൻ പ്രിന്റിംഗ് | 3 | 60 |
| 14 | പേപ്പർ ബാഗ് നിർമ്മാണം | 5 | 100 |
| 15 | മൺപാത്ര നിർമ്മാണം | 1 | 20 |
| 16 | മുളയുൽപ്പന്ന നിർമ്മാണം | 2 | 40 |
| 17 | കാർപെന്ററി | 1 | 20 |
| 18 | ബുക്ക് ബൈന്റിംഗ്, ഫയൽ നിർമ്മാണം | 7 | 140 |
| 19 | ഗൃഹോപകരണ സർവ്വീസിംഗ്& റിപ്പയറിംഗ് | 5 | 100 |
| 20 | മൊബൈൽ ഫോൺ സർവ്വീസിംഗ് | 5 | 100 |
| 21 | ഓട്ടോ ഇലക്ട്രീഷ്യൻ | 2 | 40 |
| 22 | പ്ലംബർ&സാനിറ്ററി ഫിറ്റർ | 2 | 40 |
| 23 | ഇലക്ട്രീഷ്യൻ | 5 | 100 |
| 24 | അലുമിനിയം ഫാബ്രിക്കേഷൻ | 2 | 40 |
| | ആകെ | **122** | **2440** |

**2009 ജൂൺ മാസം ആരംഭിക്കുന്ന തൊഴിൽ പരിശീലനങ്ങൾ**

| ക്ര.ന. | കോഴ്സുകൾ | ബാച്ചുകൾ | സ്ഥലം |
|---|---|---|---|
| 1 | ടൈലറിംങ്ങ് &ഡ്രസ്സ്മെയ്ക്കിംഗ് | 3 | ധോണി,കിഴക്കഞ്ചേരി, പറമ്പിക്കുളം |
| 2 | ഫാബ്രിക് പെയ്ന്റിംഗ് | 3 | കല്ലടിക്കോട്, അഗളി ആരോഗ്യപുരം |
| 3 | കാറ്ററിംഗ് | 1 | പിരായിരി |
| 4 | ഫ്ളോറികൾച്ചർ | 2 | നെന്മാറ, കിഴക്കഞ്ചേരി |
| 5 | കൂൺകൃഷി | 4 | ത്രിത്വമല, കാരാകുറുശ്ശി വേലിക്കാട് കരിമ്പ |
| 6 | ആനിമൽ ഹസ്ബണ്ടറി | 3 | കിഴക്കഞ്ചേരി വടക്കഞ്ചേരി, നെന്മാറ |
| 7 | കോഴിവളർത്തൽ | 2 | പെരുമാട്ടി ധോണി |
| 8 | ബയോഫാമിംഗ് | 3 | നെന്മാറ, പനംകുറ്റി, വചനഗിരി |
| 9 | സ്ക്രീൻ പ്രിന്റിംഗ് | 1 | കോങ്ങാട് |
| 10 | ബുക്ക് ബൈന്റിംഗ് | 1 | പറളി |
| 11 | ഡൊമസ്റ്റിക് അപ്ലെയൻസ് ആന്റ് റിപ്പേയറിംഗ് | 2 | മണ്ണാർക്കാട്, കാഞ്ഞിരപ്പുഴ |
| 12 | ഇലക്ട്രിഷ്യൻ | 3 | ചാവടിയൂർ മുക്കാലി കാരറ |
| 13 | അലുമിനിയം ഫാബ്രിക്കേഷൻ | 1 | കാരറ |

**ജൂൺ മാസം നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ**

1 ലോക പരിസ്ഥിതി ദിനം 2009 ജൂൺ 5-ാം തിയതി ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടും ജില്ലാ സാക്ഷരതാ സമിതിയും സംയുക്തമായി ആഘോഷിക്കുന്നു.

2 ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ഫാക്കൽറ്റി ട്രെയിനിംഗ് 2009 ജൂൺ 10-ാം തിയതി ധോണിയിൽ വച്ച് നടക്കുന്നു.

3\. ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് സ്റ്റാഫ് ട്രെയിനിംഗ് 2009 ജൂൺ 20-ാം തിയതി ധോണിയിൽ വച്ച് നടക്കുന്നു.

**ഫാ. അബ്രഹാം പാലത്തിങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**മെയ് 2009**

1 കരിമ്പ സെന്റ് മേരീസ് നൊവിഷ്യേറ്റ് ഹൗസിൽ നൊവിസസിന് ക്ലാസ്സെടുത്തു.

2 മൈലംപുള്ളി സെന്റ് മേരീസ് ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ സി.എം.സി. സഭാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വി. കുർബ്ബാന അർപ്പിച്ചു.

3 ഉക്കടം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- കാരാകുർശ്ശി സെന്റ് മേരീസ് ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

4 അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി.

5\. അരമനയിൽ രൂപതാ ഗവേണിംഗ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

6\. മുണ്ടൂർ യുവക്ഷേത്രയിൽ വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു. പുതുക്കിപ്പണിത ഇടവക ദൈവാലയം വെഞ്ചരിച്ചു.

9 പൊൻകണ്ടം സെന്റ് ജോസഫ്ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- കടപ്പാറ പള്ളി സന്ദർശിച്ചു.

- ചന്ദ്രനഗർ ദൈവപരിപാലന പള്ളിയിൽ ദൈവപരിപാലന സിസ്റ്റേ

ഴ്സിന്റെ നിത്യവ്രത വാഗ്ദാന ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. ഇടവകയിലെ കുട്ടികളുടെ പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇടവക ദൈവാലയത്തിന്റെ ശില വെഞ്ചരിച്ചു.

10. കരിമ്പ ലിറ്റിൽ ഫ്ളവർ ഇടവയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

11. പാലക്കാട് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് സന്ദേശം നൽകി.

12 ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ഇടവകയിൽ ഫാ. ജോസ് കല്ലുവേലിയുടെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.

14 ചുണങ്ങുംവേലി നിവേദിതയിൽ പേപ്പൽ സെമിനാരിയിൽ പഠിച്ചവരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

– ഇളമക്കര താന്നിക്കൽ സെന്റ് ആന്റണീസ് പള്ളിയുടെ സിൽവർ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

15 വടക്കഞ്ചേരി ലൂർദ്മാതാ ഫൊറോന ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിച്ച നിത്യാരാധനാ കപ്പേള വെഞ്ചരിച്ചു. നിത്യാരാധാന ഉദ്ഘാടനം ചെയ്തു.

16 കല്ലേക്കാട് ഫാത്തിമമാതാ ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

– പൊള്ളാച്ചി സ്നേഹാലയത്തിൽ അതിന്റെ പത്താം വാർഷികം പ്രമാണിച്ച് വി. കുർബ്ബാന അർപ്പിച്ചു.

17 പോത്തന്നൂർ വി. കൊറ്റിൽഡ ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

– പാസ്റ്ററൽ സെന്ററിൽ മലയാള മനോരമ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.





18 കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ ഇന്റർവ്യൂ ചെയ്തു. സെമിനാരിയുടെ എക്സിക്യൂട്ടീവ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

18–19മുണ്ടൂർ യുവക്ഷേത്രയിൽ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

20. ചങ്ങനാശ്ശേരി അതിരൂപതാദിനത്തോടനുബന്ധിച്ച് കുടമാളൂരിൽ നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വി. അൽഫോൻസാമ്മയുടെ ജന്മഗൃഹം സന്ദർശിച്ചു.

22. യുവക്ഷേത്രയിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന ക്രിസ്റ്റീൻ ധ്യാന ടീം അംഗങ്ങൾക്ക് സന്ദേശം നൽകി.

– യുവക്ഷേത്രയിലെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 4 ദിവസം നീണ്ടുനിന്ന ഇംഗ്ലീഷ് പരിശീലന വ്യക്തിത്വ വികസന ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

– പുതുതായി നിർമ്മിച്ച പുലിയറ സെന്റ് ജോർജ്ജ് ഇടവക ദൈവാലയം കൂദാശ ചെയ്തു. കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി.

23. ചിറ്റടി സെന്റ് മേരീസ് ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

– ജെയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ സന്ന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സിന് സന്ദേശം നൽകി.

24 തത്തമംഗലം സെന്റ് മേരീസ് ഇടവകയിൽ കുട്ടികൾക്ക് പരി. കുർബ്ബാനയും സ്ഥൈര്യലേപനവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

–ധോണി സെന്റ് ജെയിംസ് ദി ഗ്രേറ്റ് പള്ളിയുടെ രജതജൂബിലിയും ഇടവകാംഗം മോൺ. ജോർജ്ജ് നരിക്കുഴിയുടെ രജതജൂബിലിയും പ്രമാണിച്ച് കൃതജ്ഞതാബലിയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

25 പാലക്കാട് സെന്റ് റാഫേൽസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വെഞ്ചരിച്ചു.

Palakkad Rupatha Bulletin JUNE '09


# Yuvakshetra Institute Of Management Studies

*an echo-friendly campus* (YIMS)

Admission Started

(Affiliated to Calicut University)
Ezhakkad, Mundur, Palakkad - 678 600
Ph: 9447353638, 0491-2846426, 2846651

placement assistance & communicative english training

**COURSES**

| Bsc. Hotel Management & Catering Science (+2) 3 year Degree Course | *Diploma in Hotel Management* (SSLC) 1 year |
|---|---|


